# മലങ്കര വിയോജിതൻ.

## THE MALABAR SEPARATIST.

പുസ്തകം 2. | 1098 ധനു, മകരം. | ലക്കം 5.


## സഹസ്രാബ്ദമഹിമ.

(തുടർച്ച)

### ഡോക്ടർ സി. ഐ. സ്കോഫീൽഡ് ചെയ്ത സാരഗംഭീരമായ ഒരു പ്രസംഗം.

ഇനിയും കേൾക്കുക.

ആകയാൽ ഇസ്രായേൽ മിസ്രയിംദേശത്തുനിന്നു കൊണ്ടുവന്ന യഹോവയാണ് എന്ന് ഇനിയും പറയാതെ ഇസ്രായേൽഗൃഹത്തിന്റെ സന്തതിയെ വടക്കേദേശത്തുനിന്നും ഞാൻ അവരെ നീക്കിക്കളഞ്ഞിരുന്ന സകലദേശങ്ങളിൽനിന്നും പുറപ്പെടുവിച്ചു കൊണ്ടുവന്ന യഹോവയാണ് എന്നു പറയുന്ന കാലം വരും. അവർ തങ്ങളുടെ സ്വന്തദേശത്തു വസിക്കും എന്നു യഹോവയുടെ അരുളപ്പാട്. (യറമി: 23: 7, 8.)

ഇതു വേണ്ടുവോളം തെളിവായിരിക്കുന്നില്ലയോ? എപ്പോഴെങ്കിലും ഈ വചനങ്ങൾ നിവൃത്തിച്ചിട്ടുണ്ടോ? ഇല്ല; ഒരിക്കലും ഇല്ല.

മഹാപീഡനകാലത്തു നമ്മുടെ മശിഹായാകുന്ന യേശുകർത്താവിങ്കലേക്കു തിരിയുന്ന യഹൂദന്മാരുടെ ഒരു ശേഷിപ്പു വാഗ്ദത്തനാട്ടിൽ ഉണ്ടായിരിക്കുന്നതാണ്. അവർ തിരികെ വന്ന ഉടൻ ചെയ്യുന്ന അത്ഭുതപ്രവൃത്തി അവരുടെ വിടുവിപ്പിനാണ്. അനന്തരം ഇസ്രായേലിന്റെ നേരെയുള്ള പെരുമാററത്തെ ആസ്പദീകരിച്ചു ജാതികളുടെ ന്യായവിധി തുടങ്ങുന്നു.

പ്രിയസ്നേഹിതരേ! ഒരു യഹൂദന്റെ നേരെ അയോഗ്യമായി പെരുമാറുന്നതു ഒരു ഗൌരവമുള്ള സംഗതിയായി ഗണിക്ക-

...പ്പെട്ടുമെന്നു ഞാൻ നിങ്ങളോടു പറയുന്നു. അവരെ വിട്ട് ഒഴിഞ്ഞുകൊൾവിൻ. എബ്രായരിൽവെച്ച് ആദ്യനായ അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ തനിക്കു പശ്ചാത്തപിപ്പാൻ ഇടയില്ലാത്ത ഒരു വാഗ്ദാനം അവനു കൊടുത്തു. "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും" എന്നത്രെ ദൈവം പറഞ്ഞത്. ചരിത്രത്തിൽ അതു് അക്ഷരാർത്ഥമായി തന്നെ നിവർത്തിച്ചിട്ടുണ്ടെന്നുള്ളതു പിന്നീട് ഒരു വേദാദ്ധ്യയനംകൊണ്ടു ഞാൻ ഗ്രഹിപ്പിക്കാം. ഹൃദയമുള്ള ഓരോ മനുഷ്യനും ഇന്നു റഷ്യയിൽ യഹൂദന്മാരുടെ നേരെ നടക്കുന്ന പീഡകൊണ്ടു കോപവിഷ്ടരായിരിക്കയാണ്. ഭാവിയിലേക്കു നമ്മുടെ ദൃഷ്ടിയെ കുറെക്കൂടി നയിക്കുന്നതായാൽ റഷ്യയുടെ മേൽ വരാൻ പോകുന്ന അനിവാര്യമായ ശാപം നമുക്ക് അചിരേണ കാണ്മാൻ കഴിയും. * യഹൂദൻ പോകുന്നിടത്തെല്ലാം അവനോടു പെരുമാറുന്നതനുസരിച്ച് അനുഗ്രഹവും ശാപവും ജനങ്ങൾക്കു ഭവിക്കുന്നതാണ്. അതെല്ലായ്പോഴും ഓർത്തിരിക്കണം. അതേ, ഈ ചെറിയവരിൽ ഒരുത്തനു ചെയ്തതു് എനിക്കു ചെയ്തു. നോക്കുവിൻ, എത്ര അത്ഭുതകരമായ കൂട്ടിച്ചേർപ്പാണ് യഹൂദന്മാർക്കു ലഭിപ്പാൻ പോകുന്നതു്.

മിസ്രയീമിൽനിന്ന് ഇസ്രായേൽമക്കളെ കൊണ്ടുവന്ന യഹോവ ജീവിക്കുന്നപ്രകാരം എന്ന് ഇനിമേൽ പറകയില്ല. മിസ്രയീമിൽനിന്നുള്ളതു് ആശ്ചര്യകരമായ ഒരു വീണ്ടെടുപ്പായിരുന്നു. 80 വയസ്സായ ഒരു ഇടയനു് ഒരു യുദ്ധായുധമോ കുന്തവാളുകളും ഒരു കുന്തമോ പോലും കൂടാതെ ശക്തിയുള്ള ഒരു രാജാവിന്റെ കീഴിൽ കിടക്കുന്ന അനേകലക്ഷം അടിമകളെ എങ്ങനെ വിടുവിപ്പാൻ കഴിഞ്ഞു. അത്ഭുതം തന്നെ. എന്നാൽ ഇതിലും ആശ്ചര്യകരമായ വിടുതലായിരിക്കും മേൽ നടക്കാൻ പോകുന്നതു്.

ഈ വിടുതലിന്റെ അനന്തരം മരുഭൂമിയിൽ യേശു അവരെ എതിരേൽക്കുകയും അവർ അവനെ ക്രിസ്തുവായി കൈക്കൊള്ളുകയും ചെയ്യുന്നു.

ഇതു സഹസ്രാബ്ദത്തിന്റെ പ്രവേശകമായിരിക്കും. ഇപ്പോൾ ജീവിച്ചിരിക്കുന്ന അനേകകോടി ജനങ്ങൾ സുവിശേഷം കേൾക്കപോലും ചെയ്തിട്ടില്ലാത്തവരാണല്ലോ. അവർക്ക്, അതായതു് ആ കാലത്തു ജീവിച്ചിരിക്കുന്ന അസംഖ്യം അജ്ഞാനികൾക്ക് ഇസ്രായേൽ ഒരു മിഷ്യനറിവർഗ്ഗമായിരിക്കും.

---

* ഈ പ്രസംഗം വളരെ വർഷങ്ങൾക്കു മുൻപ് അമേരിക്കയിലെ ടെക്സാസ് സംസ്ഥാനത്തു ഡാലാസ് എന്ന സ്ഥലത്തു പ്രസംഗിച്ചിട്ടുള്ളതാണ്. റഷ്യയെ സംബന്ധിച്ചുള്ള ഡോക്ടർ സ്കോഫീൽഡിന്റെ ഈ പ്രവചനം ഇപ്പോൾ എത്ര സ്പഷ്ടമായി നിറവേറിയിരിക്കുന്നു എന്നുള്ളതു് ഏവർക്കും ബോദ്ധ്യമാണല്ലോ.

യഹൂദാഗൃഹവും ഇസ്രായേൽഗൃഹവുമായുള്ളോരേ! നിങ്ങൾ ജാതികളുടെ ഇടയിൽ ശാപമായിരുന്നതുപോലെ ഞാൻ നിങ്ങളെ രക്ഷിച്ചിട്ടു നിങ്ങൾ അനുഗ്രഹമായിത്തീരും . . . . അങ്ങനെ അനേകജാതികളും ബഹുവംശങ്ങളും യെരുശലേമിൽ സൈന്യങ്ങളുടെ യഹോവയെ അന്വേഷിപ്പാനും യഹോവയെ പ്രസാദിപ്പിപ്പാനും വരും. സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ആ കാലത്തു ജാതികളുടെ സകലഭാഷകളിലും നിന്നു പത്തുപേർ ഒരു യഹൂദന്റെ വസ്ത്രാഗ്രം പിടിച്ചു ദൈവം നിങ്ങളോടുകൂടി ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോടുകൂടി പോരുന്നു എന്നു പറയും. (സഖറി: 8: 13—23)

ഇങ്ങനെ അവസാനകാലത്തു മനസ്സുതിരിഞ്ഞ ഒരു ലോകത്തെ കാണ്മാൻ കഴിയും. പക്ഷെ, അതു സഭയിലല്ല, സ്വർഗ്ഗരാജ്യത്തിലായിരിക്കും.

തന്റെ ഒന്നാംവരവിങ്കൽ നമ്മുടെ കർത്താവിനെ യഹൂദന്മാർ തിരസ്കരിച്ചതുമുതൽ തന്റെ പുനരാഗമനത്തിൽ സംഭവിക്കുന്ന ഭൂമിയുടെ പരിപൂർണ്ണാനുഗ്രഹം വരെ ഉള്ള കാലത്തിന്റെ ഇടയെ ഒരു വിശിഷ്ടപാലംകൊണ്ട് അന്യോന്യം ഇണക്കുന്നതായി പ്രവൃത്തി: 15-ൽ 14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ കാണുന്നു.

ദൈവം തന്റെ നാമത്തിനായി ജാതികളിൽനിന്ന് ഒരു ജനത്തെ എടുത്തുകൊൾവാൻ ആദ്യമായിട്ടു കടാക്ഷിച്ചതു ശിമോൻ വിവരിച്ചുവല്ലോ. ഇതിനോടു പ്രവാചകന്മാരുടെ വാക്യങ്ങളും ഒക്കുന്നു. "അനന്തരം ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും. അതിന്റെ ശൂന്യശിഷ്ടങ്ങളെ വീണ്ടും പണിതു അതിനെ നിവിർത്തും" മനുഷ്യരിൽ ശേഷിച്ചുവരും എന്റെ നാമം വിളിച്ചിരിക്കുന്ന സകലജാതികളും കർത്താവിനെ അന്വേഷിക്കും എന്ന് ഈ പൂർവ്വകാലം മുതൽ അറിയിക്കുന്ന കർത്താവ് അരുളിച്ചെയ്തിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ.

സഹസ്രാബ്ദകാലത്തെ ഗവണ്മെൻറിന്റെ രൂപവും പൊതുജനസംഘത്തിന്റെ ക്രമീകരണവും എങ്ങനെ ആയിരിക്കും?

തൽക്കാലത്തെ ഭരണം തിയോക്രസി (Theocracy) അഥവാ ദൈവാധിപത്യമായിരിക്കും. ദൈവം താൻതന്നെ ദാവീദുപുത്രനാകുന്ന യേശുക്രിസ്തു എന്ന പുരുഷനിൽകൂടി ഭൂമിയെ ഭരണം ചെയ്യുന്നതായിരിക്കും.

ഞാൻ ദാവീദിന്നു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും. അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും. (യിരെ: 23: 5.)

മറിയയേ ഭയപ്പെടേണ്ടാ. നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവനു യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവനാകും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടു

---

ക്കും. അവൻ യാക്കോബുഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും. (ലൂക്കോ: 1: 30–33.)

സഹസ്രാബ്ദഗവണ്മെൻറിൻെറ രൂപം എന്തായിരിക്കും? എന്നുള്ള ചോദ്യത്തിനു ദൈവാധിപത്യം എന്നുള്ള മറുപടി ഇവിടെ കിട്ടുന്നു.

ഇനിയും രാജ്യത്തിൻെറ തലസ്ഥാനം ഏതായിരിക്കും എന്നുള്ള ചോദ്യത്തിനു മറുപടിയായി യെശയ്യാ 2–ൽ 1 മുതൽ 4 വരെയുള്ള വാക്യങ്ങൾ ഞാൻ വായിക്കാം.

ആമോസിൻെറ മകനായ യെശയ്യാവു യെഹൂദയെയും യെരുശലേമിനെയുംപററി ദർശിച്ച വചനം.

വാഷിങ്ടൺപട്ടണത്തെയോ, ലണ്ടൻപട്ടണത്തെയോ, പാരീസിനെയോ, വിയന്നയെയോ, ബർലിനെയോ അല്ലാ പിന്നെയോ യെഹൂദയെയും യെരുശലേമിനെയും കുറിച്ചാണ് ഇവിടെ ദർശനം. ഈ വചനത്തിൽ അടങ്ങിയിരിക്കുന്ന അർത്ഥത്തിനെ നാം ശ്രദ്ധിക്കുക.

അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും. സകലജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു, വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കും യാക്കോബിൻദൈവത്തിൻെറ ആലയത്തിലേക്കും കയറിച്ചെല്ലാം, അവൻ നമുക്കു തൻെറ വഴികളെ ഉപദേശിച്ചുതരികയും നാം അവൻെറ പാതകളിൽ നടക്കുകയും ചെയ്യും എന്നു പറയും. സീയോനിൽനിന്നു ഉപദേശവും യെരുശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ നിന്നു ന്യായം വിധിക്കയും അനേകവംശങ്ങൾക്കു വിധി കല്പിക്കയും ചെയ്യും. അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും. ജാതി ജാതിക്കു നേരെ വാൾ ഓങ്ങുകയില്ല. അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.

അതുകൊണ്ടു യെരുശലേമത്രേ ഗവണ്മെൻറിൻെറ ആസ്ഥാനമായിരിക്കേണ്ടതു്.

ആ കാലത്തെ ജനസമുദായവ്യവസ്ഥിതിയെക്കുറിച്ചു സാക്ഷ്യങ്ങൾ എടുത്തുപറഞ്ഞു നിങ്ങളെ മുഷിപ്പിക്കുന്നില്ല. സഹസ്രാബ്ദകാലത്തു ജാതികളുടെ ഇടയിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് ഇസ്രായേൽ ആയിരിക്കും എന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

അധുനാതനങ്ങളായ ജനസമുദായങ്ങൾ തലയില്ലാത്ത ഉടലാണെന്നുള്ള വാസ്തവം നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ഏതെങ്കിലും ഒരു വർഗ്ഗത്തെ ചൂണ്ടിക്കൊണ്ടു് അതു ശിരോവർഗ്ഗം എന്നു പറയാമോ? ഇസ്രായേൽ ജനവർഗ്ഗങ്ങളുടെ ശിരസ്സാകുന്നതുവരെ യാതൊരു ശിരോവർഗ്ഗവും ഇവിടെ ഉണ്ടായിരിപ്പാൻ പാടില്ല. സമ

യം കിട്ടുന്നതായാൽ പ്രവചനങ്ങൾകൊണ്ടുതന്നെ ഇതു ധാരാളം തെളിയിക്കാവുന്നതാണ്.

ഇനിയും സഹസ്രാബ്ദത്തിനിടയ്ക്കു ഭൂമി മുഴുവനുമുള്ള ക്രിസ്തുവിന്റെ ഭരണം അഥവാ ദൈവാധിപത്യം ഫലപ്പെടുന്ന വിധം ഏതെന്നു യെശയ്യ 1: 26-ൽ കാണുന്നു.

ഞാൻ നിന്റെ ന്യായാധിപന്മാരെ ആദിയിങ്കൽ എന്നപോലെയും നിന്റെ ആലോചനക്കാരെ ആരംഭത്തിങ്കൽ എന്നപോലെയും ആക്കും. അതിന്റെ ശേഷം നീ നീതിപുരം എന്നും വിശ്വസ്തനഗരമെന്നും വിളിക്കപ്പെടും.

അപ്പോസ്തലന്മാരോടു താൻ പറയുന്നതു ശ്രദ്ധിക്കാം.

യേശു അവരോടു പറഞ്ഞതു് എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു് ഇസ്രായേൽഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു —(മത്താ: 19: 28)

ഇസ്രായേലിൽ ഒരു ജഡ്ജിയുടെ ഉദ്യോഗം നിങ്ങൾ അറിയുന്നതുപോലെയും ഇക്കാലത്തു കാണുന്നതുപോലെയും ജുഡീഷ്യലായുള്ള ഒരു ഉദ്യോഗമായിരുന്നില്ല. പിന്നെയോ, ഒരു ഭരണോദ്യോഗമായിരുന്നു.

സഹസ്രാബ്ദകാലത്തു ജാതികളുടെ മേലുള്ള ഭരണരീതിയെക്കുറിച്ചു ലൂക്കോ് 19-ാം അദ്ധ്യായത്തിൽനിന്നു് ഒരു സൂചന നമുക്കു കിട്ടുന്നു. കുലശ്രേഷ്ഠനായ ഒരു പ്രഭു രാജത്വം പ്രാപിച്ചു മടങ്ങിവരേണ്ടതിനായി ദൂരദേശത്തേക്കു പോയി എന്നും രാജ്യം ഏററു കൊണ്ടു തിരികെ വന്നപ്പോൾ തന്റെ ഭൃത്യന്മാരോടു കണക്കു ചോദിപ്പാൻ തുടങ്ങി എന്നും അവിടെ കാണുന്നു. പത്തു റാത്തലിനോടുകൂടി പത്തു റാത്തൽ കൂടി സമ്പാദിച്ചവനോടു രാജാവു പറയുന്നതു "നന്നു്; ഉത്തമനും വിശ്വസ്തനുമായ ദാസനേ പത്തു പട്ടണങ്ങളുടെ മേൽ അധികാരിയായിരിക്ക." ഈ വാക്യത്തിന്റെ ആശയം നിങ്ങൾക്കു മനസ്സിലാകുന്നുവോ? ഈ അധികാരം എവിടെയാണ് പ്രയോഗിക്കേണ്ടതു്? സ്വർഗ്ഗത്തിലോ? സ്വർഗ്ഗത്തിൽ വളരെ പട്ടണങ്ങൾ ഉണ്ടോ? സ്വർഗ്ഗം ഒരേ നഗരമല്ലയോ? ഭൂമി മേലല്ലാതെ ഒരിടത്തും അതു് ആയിരിപ്പാൻ പാടില്ല. കൂടാതെ എബ്രായലേഖനത്തിൽ തെളിവായി പറയുന്നതു, ഭാവിലോകത്തെ അഥവാ, യുഗത്തെ ദൈവം ദൂതന്മാർക്കല്ലല്ലോ കീഴ്പെടുത്തിയതു്. പിന്നെയോ, നമുക്കത്രേ. അതിനാൽ സഹസ്രാബ്ദകാലത്തെ ക്രിസ്തുവിന്റെ ഭരണം ഇസ്രായേലിന്റെ യഥാസ്ഥാപനം വഴിയും തേജസ്കരിക്കപ്പെട്ട ശരീരത്തോടുകൂടിയ ശുദ്ധിമാന്മാരുടെ ശുശ്രൂഷവഴിയും ആകുന്നു. സ്വർഗ്ഗഭൂമികൾ ഇക്കാലത്തു യോജിച്ച് ഒരേ ബിന്ദുവിൽ എത്തുന്നു.

V. ആ കാലത്ത് ഈ ഭൂമിയുടെ സ്ഥിതി എന്തായിരിക്കും?

പ്രവാചകന്മാർ സഹസ്രാബ്ദപടത്തിന്റെ ചിത്രം ഇടുമ്പോൾ തങ്ങളുടെ പെൻസിലുകളെ നാനാവർണ്ണമുള്ള മഷിയിൽ മുക്കുന്നു. അനന്യസദൃശമായ രമ്യതയോടത്രേ അവർ സഹസ്രാബ്ദത്തെ വർണ്ണിച്ചിരിക്കുന്നത്. അവരുടെ കവിതാനദി ശീഘ്രഗതിയായും സർവ്വതോമുഖമായും സാടോപമായും പായുന്നതു നോക്കുക.

യശയ്യാ 11-ാം അദ്ധ്യായത്തിൽ പറയുന്നത് എന്ത്? "യിശ്ശായിയുടെ കുററിയിൽനിന്ന് ഒരു മുള പൊട്ടി പുറപ്പെടും. അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായ്ക്കും. അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നെ. അവന്റെ പ്രമോദം യഹോവാഭക്തിയിലായിരിക്കും. അവൻ കണ്ണുകൊണ്ടു കാണുന്നതുകൊണ്ടു ന്യായപാലനം ചെയ്കയില്ല. ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും—

പ്രിയസ്നേഹിതരേ! ഇക്കാലത്തു ദരിദ്രന്മാർക്കു ന്യായം പാലിച്ചുകിട്ടുകയെന്നുള്ളതു വളരെ പ്രയാസമുള്ള കാര്യമാണ്. അതുപോലെതന്നെ ഒരു കോടീശ്വരന്റെ മേൽ നീതിയുള്ള വിധി നടത്തുന്നതും ഇക്കാലത്തു ദുസ്സാദ്ധ്യം തന്നെ. സാധുക്കൾക്കു ന്യായം നടത്തിക്കിട്ടുന്ന ആ സമയം എത്ര അനുഗ്രഹീതമായിരിക്കും.

—ലോകത്തിലെ സാധുക്കൾക്കുവേണ്ടി നേരോടെ വിധികല്പിക്കയും തന്റെ വായ് എന്ന വടികൊണ്ട് അവൻ ഭൂമിയെ അടിക്കും, തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദുഷ്ടനെ കൊല്ലും."

അന്നാൾ, ഒരുപ്രകാരത്തിൽ അതു ശാന്തതയുടെയും അനുഗ്രഹത്തിന്റെയും സമാധാനത്തിന്റെയും അവസരമായിരിക്കും. എന്നതുപോലെതന്നെ വേറൊരുപ്രകാരത്തിൽ അതു അവിധേയന്മാർക്ക് അഥവാ മത്സരികൾക്കു പെട്ടെന്നുള്ള നാശവുമായിരിക്കും. ദൈവം ദുഷ്ടന്മാരെ സഹിക്കുന്ന കാലത്തത്രേ നാം ജീവിച്ചിരിക്കുന്നതു. ഇതു അവന്റെ സഹിഷ്ണുതയുടെ കാലമാകുന്നു. സഹസ്രാബ്ദമോ പ്രത്യുത, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രാജ്യവും ശക്തിയുമത്രേ. ചെയ്യുന്ന ദുഷ്ടതകൾ എന്തുതന്നെ ആയിരുന്നാലും രാജ്യത്തിൽ ഉടനുടൻ അവയ്ക്കു ശിക്ഷയുണ്ടാകുന്നു.

കൂടാതെ ആ ഭാഗ്യമേറിയ ഭരണത്തിൽ പ്രാണിലോകത്തിന്റെ സ്വഭാവവും മാറിവരേണ്ടതാണ്.

ചെന്നായ് കുഞ്ഞാടിനോടുകൂടി പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടി കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും.

ദുഷ്ടമൃഗങ്ങൾ എന്ന് ഇപ്പോൾ നാം വിളിച്ചുവരുന്നവയ്ക്ക് ഏദൻതോട്ടത്തിൽവെച്ചു യാതൊരു ക്രൌര്യവുമില്ലായിരുന്നു. മനു

ഷ്യന്റെ വീഴ്ചയോടുകൂടിയാണ് അവയ്ക്കു ക്രൗര്യം വന്നുകൂടിയതു്. മനുഷ്യൻ വീണപ്പോൾ സൃഷ്ടി മുഴുവൻ അതിനോടുകൂടി വീണു. റോമ 8-ാം അദ്ധ്യായത്തിൽനിന്നു നമുക്കു് അതു മനസ്സിലാക്കുവാൻ കഴിയും. ദൈവമക്കളുടെ മഹിമയിൽ സ്വാതന്ത്ര്യത്തിലേക്കു നാശത്തിന്റെ അടിമയിൽ സൃഷ്ടി വിടുവിക്കപ്പെടുവാൻ പോകുന്നു എന്നു നാം അവിടെ വായിക്കുന്നു.

പശു കരടിയോടുകൂടി മേയും. അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും. സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും. മുല കുടിക്കുന്ന കുട്ടി സർപ്പത്തിന്റെ പോതിങ്കൽ കളിക്കും. മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കുകയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല.

പ്രിയസ്നേഹിതരേ! ഇതു് ഒരു മനോഹരവർണ്ണനയല്ലയോ?

അന്നാളിൽ വംശങ്ങൾക്കു കൊടിയായി നിൽക്കുന്ന യിശ്ശായിവേരായവനെ ജാതികൾ അന്വേഷിച്ചുവരും. അവന്റെ വിശ്രാമം മഹത്വമുള്ളതായിരിക്കും

സഹസ്രാബ്ദത്തിനിടയ്ക്കുള്ള കാര്യങ്ങളുടെ സ്ഥിതി ഇതു തന്നെ. അനുഗ്രഹത്തിന്റെ ഈ യുഗത്തെക്കുറിച്ചു പ്രവാചകന്മാർ ഇടവെത്തുടരെ നാനാതരം രമ്യചിത്രങ്ങൾ നമുക്കു വരച്ചുതരുന്നു. നിങ്ങൾ സ്വയമേവ അവ നോക്കി ഗ്രഹിപ്പിൻ. റോമ: 8: 19 മുതൽ 21 വരെയുള്ള വാക്യങ്ങൾ ഞാൻ എടുത്തു വായിക്കട്ടെ.

സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്കു കീഴ്പെട്ടിരിക്കുന്നു. മനഃപൂർവ്വമായിട്ടല്ല, അതിനെ കീഴ്പെടുത്തിയവന്റെ കല്പന നിമിത്തമത്രേ.

അഹോ! ഭാഗ്യം! ഭാഗ്യം!! വിചിത്രം! വിചിത്രം!! ഉദ്ധരിക്കപ്പെട്ട സൃഷ്ടി, നാശവിമുക്തമായ സൃഷ്ടി എന്നീ വാക്കുകൾ എത്ര മധുരതരം! ഇവ അമൃതധാരപോലെ ചെവികളിൽ വർഷിക്കുന്നു. നമുക്കു് അനുഭവമാകുന്ന എല്ലാ ശക്തികളും മാത്രമല്ല, കുഴപ്പമായി കാണുന്നതും ഇന്ദ്രിയങ്ങൾക്കു വിഷയമാകാത്തവയുമായ പ്രകൃതിയുടെ സമസ്തവ്യാപാരവും എങ്ങനെയോ മനുഷ്യവർഗ്ഗത്തിന്റെ ഉപകാരത്തിനായി പ്രവർത്തിക്കുന്നു. അത്ഭുതംതന്നെ.

സഹസ്രാബ്ദയുഗത്തിലെ ആരാധന ഏതുമാതിരി എന്നു നിങ്ങൾ എന്നോടു ചോദിക്കുമായിരിക്കാം. വിശുദ്ധനാട് ഇസ്രായേൽഗോത്രങ്ങൾക്കായി വിഭജിച്ചുകൊടുക്കുമെന്നു മാത്രമല്ല, ഉത്തുംഗവും അതിമഹത്തും ആയ ഒരു ദേവാലയം പണിയപ്പെടുമെന്നു കൂടി സഹസ്രാബ്ദവീരനായ യെഹസ്കേൽ പറയുന്നുണ്ടു്. നമ്മുടെ കർത്താവിന്റെ മരണത്തെ അവന്റെ വരവു വരെയും പ്രസ്താവിക്കുന്ന

തിന്റെ നാം അപ്പം നുറുക്കുകയും വീഞ്ഞു പകരുകയും ചെയ്യുന്നതു പോലെ സ്മാരകബലികളായി കർത്തൃഭോജനസദൃശമായ വഴിപാടുകൾ കഴിക്കപ്പെടും. പരിഹാരബലി ഉണ്ടായിരിക്കുകയില്ല. സ്മാരകബലികൾ അത്രേ നടക്കുന്നതു്.

അക്കാലത്തുള്ള ജാതികളെ സംബന്ധിച്ചു സഖറിയാ ഒരു വിശേഷവിധിയായ സംഗതികൂടി പറയുന്നുണ്ട്.

എന്നാൽ യരുശലേമിന്നു നേരെ വന്ന സകല ജാതികളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്കരിപ്പാനും കൂടാരപ്പെരുനാൾ ആചരിപ്പാനും ആണ്ടുതോറും വരും.

സഹസ്രാബ്ദകാലത്തു ഭൂമിയുടെ പ്രകാശത്തിനും പരിശുദ്ധിക്കും ആരാധനയ്ക്കും കേന്ദ്രസ്ഥാനമാകുന്ന ആ തേജോമയപട്ടണത്തിലേക്ക് ആണ്ടുതോറും സകലജനവർഗ്ഗങ്ങളും പുണ്യയാത്രയായി പോകും. സൈന്യങ്ങളുടെ ദൈവമായ രാജാവിനെ നമസ്കരിപ്പാൻ സകലകണ്ണുകളും അവിടേക്കു തിരിക്കപ്പെടും.

ഈ സൌഭാഗ്യയുഗത്തിന്റെ അവസാനമെന്തായിരിക്കും? എന്നു നിങ്ങൾക്കു ചോദിക്കാം. ഗദ്ഗദത്തോടുകൂടിയല്ലാതെ അതിനു മറുപടി പറവാൻ സാധിക്കയില്ല. ആ വ്യസനകരമായ പെയ്ജിനെ ഉറക്കെ വായിക്കുന്നതിന് ഏതൊരു മനുഷ്യനും ചുളുങ്ങും. എങ്കിലും അതിനെ ഗ്രഹണം ചെയ്യാൻ നിവൃത്തിയില്ല. ഏതു പരിശോധനാവഴിയിൽ കൂടി നയിച്ചാലും പ്രാണമയനായ മനുഷ്യന്റെ കഥ പരാജയത്തിലാണ് പര്യവസാനിക്കുന്നതു്. ന്യായമായ സകല ഉപകരകളും സാധിക്കത്തക്കവണ്ണം പറുദീസയായ രമണീയോദ്യാനത്തിൽ ഉൾപ്പെട്ട മനുഷ്യൻ ദൈവകല്പനയെ ലംഘിച്ചു തന്റെ ജീവനെ ന്യായവിധിയിൽ അവസാനിപ്പിക്കയും തോട്ടത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുകയും ചെയ്തു. അവന്റെ സന്തതികൾ പിന്നീടു പ്രളയത്തിന്റെ മഹാന്യായവിധികൊണ്ടു ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടത്തക്കവണ്ണം അത്രമേൽ ദുഷ്ടരായിത്തീർന്നു.

കൂടാതെ ബാബേലിലെ പേച്ചുപിണക്കിന്റെ ഫലമായി മനുഷ്യവർഗ്ഗത്തെ ഭൂതലം മുഴുവനും ചിതറിച്ചതും ന്യായവിധിയായിരുന്നു. ഒടുവിൽ ദൈവം തന്റെ വാത്സല്യകുമാരനെ ലോകരക്ഷയ്ക്കുവേണ്ടി അയച്ചിട്ടും ലോകം അവനെ കുരിശിക്കയാണുണ്ടായതു്. പ്രസ്തുതയുഗങ്ങളെല്ലാം ഭയങ്കരവിപ്ലവങ്ങളിൽ അവസാനിച്ചതുപോലെതന്നെ വർത്തമാനയുഗത്തിന്റെ പരിണാമവും കലാപകലുഷമായിരിക്കും.

പ്രവാചകന്മാർ ഇതിനെക്കുറിച്ചു നല്ല വിശദമായ ചിത്രം വരച്ചുതന്നിട്ടുണ്ട്. അതു ഭ്രംശത്തിന്റെ അന്ത്യകഥയിൽത്തന്നെയാ

ണ് അവതരിക്കുന്നത്. എന്നുവെച്ചാൽ പാപമനുഷ്യനായ അന്തിക്രിസ്തുവിലേക്കുള്ള അവസാനത്തിരിച്ചിൽ തന്നെ. സർവ്വഭൂമിയും മൃഗത്തെക്കണ്ടു വിസ്മയിക്കയും തൽഫലമായി ശിക്ഷാവിധി ഈ യുഗത്തിന് ഒരു വിരാമത്തെ വരുത്തുകയും ചെയ്യുന്നു. സഹസ്രാബ്ദയുഗത്തിന്റെ അവസാനവും ഈവിധം തന്നെയായിരിക്കും.

ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിനു വഞ്ചിപ്പാൻ പുറപ്പെടും—(വെളി: 20; 7, 8)

തടവിൽനിന്ന് അഴിച്ചുവിടപ്പെടുന്ന ഉടൻതന്നെ ദൈവസത്യത്തെക്കാൾ തന്റെ വ്യാജത്തെ വിശ്വസിക്കുന്നതിനും തന്നെ അനുസരിക്കുന്നതിനും ഒരു വലിയ സംഘം തയ്യാറായി നിൽക്കുന്നതു സാത്താൻ കാണും. ഭൂമിമേൽ പരിപൂർണ്ണനീതിയുടെയും പരിപൂർണ്ണസമാധാനത്തിന്റെയും പരിപൂർണ്ണാനുഗ്രഹത്തിന്റെയും ഒരു ആയിരംകൊല്ലവാഴ്ച കഴിഞ്ഞശേഷം യേശുവിനെപ്പോലെ അത്ര ശാന്തനായ ഒരു ഭരണകർത്താവിനു കീഴ്പ്പെടുന്നതിനു മനസ്സില്ലാത്തവിധം ദുഷ്ടമായ നിഗളം മനുഷ്യഹൃദയത്തിൽ പിന്നെയും മറഞ്ഞുകിടക്കും.

അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും. എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും—(വെളി: 20: 9)

ഭൂമിക്കുള്ള ന്യായവിധിയുടെ അന്തം ഇതത്രേ.

അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും. ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു. അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല.

കർത്താവു വരുമ്പോൾ ജീവനോടിരിക്കുന്നവർക്കുള്ള ന്യായവിധിയല്ല താഴെ കാണുന്നത്. അതു ഭൂമിയിലും, ഇതു വിതാന (Space) ത്തിലുമാണ് നടക്കുന്നത്. കാരണം ആകാശഭൂമികൾ ഓടിപ്പോയതായി നാം ഇവിടെ കാണുന്നു.

മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻമുമ്പിൽ നിൽക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കൊത്ത ന്യായവിധിയുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തികൾക്കൊത്ത വിധിയുണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു ഇതു തീപ്പൊയ്ക എന്ന രണ്ടാമത്തെ മരണം.

അനന്തരം സംഭവിക്കുന്നതു് എന്തു്?

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി. സമുദ്രവും ഇനി ഇല്ല.—(വെളി: 21: 1)

ഇങ്ങനെ ദീർഘവും അത്ഭുതകരവും ദുഃഖപര്യവസായിയുമായ ഭൂലോകനാടകം അവസാനിച്ച നിത്യത ഇതാ ആരംഭിക്കുന്നു.

# അന്തിക്രിസ്തു

(തുടർച്ച.)

## ൮. ദാനിയേലിന്റെ കാഴ്ച.

ജാതികളെക്കുറിച്ചു പറഞ്ഞിരിക്കുന്ന ദാനിയേൽപ്രവചനം 7-ാം അദ്ധ്യായത്തിൽ നാലാംമൃഗത്തിന്റെ തലയിൽ കാണപ്പെട്ട പത്തു കൊമ്പുകളുടെ ഇടയിൽ ഒരു ചെറിയ കൊമ്പു മുളച്ചതായും ഈ ചെറിയ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നതായും പറഞ്ഞിരിക്കുന്നു. ഈ ചെറിയ കൊമ്പ് ഇനി ഉണ്ടാകാൻപോകുന്ന ഒരു രാജാവാണെന്നും ബുദ്ധിശക്തിയും വാക്പാടവവും അവനു ധാരാളമുണ്ടായിരിക്കുമെന്നും ദാനിയേലിനോടു പറയപ്പെട്ടു. കൂടാതെ അവൻ ധൃഷ്ടനും സാഹസിയും ഡംഭിയും അധികാരപ്രിയനും ഉപദ്രവിയും കാലങ്ങളെയും നിയമങ്ങളെയും മാററുന്നവനും ആയിരിക്കുമെന്നുള്ളതു കൂടാതെ അത്യുന്നതനായവന്റെ വിശുദ്ധന്മാർ അതിനാൽ ദാനിയേലിന്റെ സ്വജനം കാലവും കാലങ്ങളും കാലാംശവും (മൂന്നര വർഷം) അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കുമെന്നും കാണുന്നു. (ദാനി. 7: 23-26.)

ഇതു കഴിഞ്ഞു് ഒരാട്ടുകൊററനും കോലാട്ടുകൊററനും തമ്മിൽ ആധിപത്യത്തിനുവേണ്ടി പൊരുതുന്ന കാഴ്ചയും ദാനിയേലിനുണ്ടായി. (8: 1-27.)

കോലാട്ടുകൊററനു തന്റെ കണ്ണുകളുടെ നടുവിൽ വിശേഷമായ ഒരു കൊമ്പുണ്ടായിരുന്നു. ഈ വലിയ കൊമ്പു തകർന്നപ്പോൾ തൽസ്ഥാനത്തു നാലു വിശിഷ്ടകൊമ്പുകൾ മുളച്ചുവന്നു. ആ നാലു കൊമ്പുകളിൽ ഒന്നത്രേ പിന്നീടുണ്ടായ ഒരു ചെറിയ കൊമ്പ്. അതു തെക്കോട്ടും കിഴക്കോട്ടും മനോഹരദേശത്തിനു (ഫലസ്തീനു) നേരെയും ഏററവും വലുതായി തീർന്നു. അതു് ആകാശത്തിലെ സൈന്യത്തോളവും വലുതായിത്തീർന്നു. സൈന്യത്തിലും നക്ഷത്രങ്ങളിലും (ഭക്തന്മാർ) ചിലതിനെ നിലത്തു തള്ളിയിട്ടു ചവിട്ടിക്കളഞ്ഞു. അതു സൈന്യത്തിന്റെ അധിപതിയോളം (യഹോവയായ

ദൈവം) തന്നെത്താൻ വലുതാക്കി അവനുള്ള നിരന്തരഹോമയാഗം അപഹരിക്കുകയും അവന്റെ വിശുദ്ധമന്ദിരം (ദേവാലയം) ഇടിച്ചുകളകയും ചെയ്യു. (8: 9_11.)

ഈ ദർശനത്തിന്റെ അർത്ഥം അറിവാൻ ദാനിയേൽ ആവശ്യപ്പെട്ടപ്പോൾ ആട്ടുകൊററൻ മേദ്യപാർസ്യരാജ്യമാണെന്നും കോലാട്ടുകൊററൻ ഗ്രീക്കുരാജ്യവും വലിയ കൊമ്പിന്റെ സ്ഥാനത്തു മുളച്ചുവന്ന നാലു കൊമ്പുകൾ നാലു രാജാക്കന്മാരും നാലു കൊമ്പുകളിൽ ഒന്നിൽനിന്നു മുളച്ച ചെറുകൊമ്പ് അതിക്രമക്കാരുടെ അതിക്രമം തികയുന്ന അന്ത്യകാലത്ത് എഴുന്നേല്പാൻപോകുന്ന ഉഗ്രമുഖവും ഉപായബുദ്ധിയുമുള്ളൊരു രാജാവാണെന്നും അവനോടു പറയപ്പെട്ടു.

ഈ രാജാവു ഗൂഢോക്തികൾ പറയും. അവന്റെ അധികാരം വലുതായിരിക്കും; സ്വന്തശക്തിയാൽ അല്ല താനും. അവൻ അതിശയമാംവണ്ണം നാശം പ്രവർത്തിക്കുകയും കൃതാർത്ഥനായി അതു അനുഷ്ഠിക്കയും പലരേയും വിശിഷ്ട വിശുദ്ധജനത്തേയും നശിപ്പിക്കയും ചെയ്യും. അവൻ നയബുദ്ധിയാൽ തന്റെ ഉപായം സാധിപ്പിക്കയും സ്വഹൃദയത്തിൽ വമ്പു ഭാവിച്ചു നിർഭയരായിരിക്കുന്ന പലരേയും നശിപ്പിക്കയും കർത്താധികർത്താവിനോട് എതിർത്തുനിന്നു കൈ തൊടാതെ തകർന്നുപോകയും ചെയ്യും. 8: 23_25.

കോലാട്ടുകൊററന്റെ തലയിൽനിന്നു മുളച്ചുവന്ന വിശേഷമായ കൊമ്പിന്റെ സ്ഥാനത്തു മുളച്ചുവന്ന നാലു കൊമ്പുകളിൽ ഒന്നിൽനിന്നു പുറപ്പെട്ട ചെറിയ കൊമ്പ് അഥവാ ഉഗ്രമുഖനായ രാജാവ് അന്തിക്രിസ്തു തന്നെ. ഇത് അന്തിയോക്കസ് എപ്പിഫാനസ് ആണെന്നു ചിലർ പറയുന്നു. എന്നാൽ കർത്താധികർത്താവിനോട് എപ്പിഫാനസ് ആകട്ടെ, മറെറാരു രാജാവാകട്ടെ ഇതുവരെ എതിർത്തുനിന്നതായി കാണുന്നില്ല.

അന്തിയോക്കസ് കൈ കൂടാതെ തകർന്നുമില്ല. ബി. സി 165_ൽ അവൻ താബായി എന്ന സ്ഥലത്തുവെച്ചു സ്വാഭാവികമരണം മരിക്കയത്രേ ചെയ്തതു്. അന്തിക്രിസ്തു കൈ കൂടാതെ തകരേണ്ടതാകുന്നു. അവന്റെ രാജ്യം കൈ കൂടാതെ പർവ്വതത്തിൽനിന്നു വെട്ടപ്പെട്ട കല്ലിനാൽ അതായതു ശിലാസാമ്രാജ്യത്താൽ നശിപ്പിക്കപ്പെടേണ്ടതാണ്. ദാനി: 2: 34, 35, 44, 45. അവൻതന്നെയും കർത്തൃസാന്നിദ്ധ്യത്തിൻപ്രഭയാൽ നശിപ്പിക്കപ്പെടുകയും (1 തെസ്സ: 2: 8) തീപ്പൊയ്കയിൽ ജീവനോടെ തള്ളപ്പെടുകയും വേണം. വെളി: 19: 20. ഇതൊന്നും അന്തിയോക്കസിന്റെ സംഗതിയിൽ യുക്തിയുക്തമായി വരികയില്ല.

ഹാനോക്കും ഏലിയാവുമാകുന്ന രണ്ടു നല്ല മനുഷ്യർ ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളപ്പെട്ടു. മൂശവും കള്ളപ്ര

കള്ളപ്രവാചകന്മാരാകുന്ന രണ്ടു ചീത്തമനുഷ്യർ ജീവനോടെ തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നു.

ദാനിയേൽ 7-ൽ കാണുന്ന ചെറിയ കൊമ്പും 8-ൽ കാണുന്ന ചെറിയ കൊമ്പും ഒന്നല്ല എന്നഭിപ്രായപ്പെടുന്ന ചിലർ ഉണ്ട്. അതിന് അവർ പറയുന്ന കാരണം ദാനി: 7-ൽ കാണുന്ന കൊമ്പു റോമയുടെ നിദർശനമായ നാലാംമൃഗത്തിന്റെ പത്തു കൊമ്പുകളുടെ ഇടയിൽനിന്നു പുറപ്പെടുന്നതാണെന്നും മറ്റേത് അതായതു ദാനി: 8-ൽ കാണുന്നതു ഗ്രീസിന്റെ നിദർശനമായ മൂന്നാംമൃഗത്തെ കാണിക്കുന്ന കോലാട്ടുകൊറ്റന്റെ തലയിൽ ഉണ്ടായിരുന്ന വലിയ കൊമ്പിന്റെ സ്ഥാനത്തു മുളച്ചുവന്ന നാലു രാജ്യങ്ങളിൽ ഒന്നിൽനിന്നു പുറപ്പെടുന്നതാണെന്നുമാകുന്നു. ഈ അഭിപ്രായക്കാർ യോഹന്നാൻ അപ്പോസ്തലൻ പുനർജ്ജീവിച്ച റോമാസാമ്രാജ്യത്തെക്കുറിച്ചു കണ്ട ദർശനം വെളി: 13: 1-ം 2-ം വാക്യങ്ങളിൽ കാണുന്നതുപോലെ റോമാസാമ്രാജ്യം അതിന്റെ ഒടുവിലത്തെ നിലയിൽ ബാബിലോൺ, മേദ്യപാർസ്യ, ഗ്രീസ്, (പഴയ) റോമ എന്നീ നാലു സാമ്രാജ്യങ്ങളുടെയും ഗുണഗണങ്ങളെ ഉള്ളടക്കം ചെയ്തിട്ടുള്ളതാണെന്നുള്ളതിനെ വെളിപ്പെടുത്തുന്നു എന്നുള്ള വാസ്തവം മറന്നുകളയുന്നു. കടലിൽനിന്നു കയറിവന്ന മൃഗത്തിന്റെ വർണ്ണനയിൽ നാലു സാമ്രാജ്യങ്ങളുടെയും ഗുണവിശേഷങ്ങളെ സംഗ്രഹിച്ചിട്ടുണ്ട്. അതു പുള്ളിപ്പുലിക്കു (ഗ്രീസ്) സദൃശവും, അതിന്റെ കാൽ കരടിയുടെ (മേദ്യപാർസ്യ) കാൽ പോലെയും, വായ് സിംഹത്തിന്റെ (ബാബിലോൺ) വായ് പോലെയുമായിരുന്നു. ആ മൃഗത്തിന്റെ ഉടൽ പുള്ളിപ്പുലിയുടെ ഉടൽപോലെ ഇരുന്നതിൽനിന്നു ഭവിഷ്യമാനമായ റോമാസാമ്രാജ്യം ഗ്രീസിന്റെ മട്ടു തന്നെ ആയിരിക്കുമെന്നും അതിനാൽ ദശമണ്ഡലത്തിൽ പ്രാചീനഗ്രീസിന്റെ ഭാഗങ്ങളായ ഈജിപ്തു, മാസിഡോണിയാ, ത്രേസ്, സിറിയാ എന്നീ രാജ്യങ്ങൾ ഉൾപ്പെട്ടിരിക്കുമെന്നും അനുമിക്കാം. അതിനാൽ ഗ്രീസ് എന്ന കോലാട്ടുകൊറ്റന്റെ നാലാംകൊമ്പിന്മേൽ മുളച്ച ചെറിയ കൊമ്പു നാലാംമൃഗമാകുന്ന റോമയുടെ ചെറിയ കൊമ്പു തന്നെയായിരിക്കും.

കോലാട്ടുകൊറ്റന്റെ നാലു കൊമ്പുകളിൽ ഒന്നിന്മേൽ മുളച്ചുവന്ന ചെറിയ കൊമ്പിനെക്കുറിച്ചുള്ള പ്രവചനം സുറിയായിലെ ഒരു രാജാവായിരുന്ന അന്തിയോക്കസ് എപ്പിഫാനസിൽ നിവർത്തിച്ചു എന്നു വാദിക്കുന്നവർ പലസ്തീൻനാടു പാഴാക്കിയതും ദേവാലയത്തിലെ യാഗപീഠത്തിന്മേൽ വിഗ്രഹം സ്ഥാപിച്ചതും അതിന്മേൽ പന്നിയെ ബലി കഴിച്ചതും മറ്റും നോക്കിക്കൊണ്ടാണ് പറയുന്നതു്. എങ്കിലും ദാനി: 8: 9-13 വരെയുള്ള പ്രവചനങ്ങൾ അന്തിയോക്കസിന്റെ സംഗതിയിൽ യോജിച്ചുവരുന്നില്ലെന്നുള്ളതു് അവർ മറന്നുകളയുന്നു.

ദാനിയേൽ 9: 27-ൽ കാണുന്ന ശൂന്യമാക്കുന്ന മ്ലേച്ഛത ദാനിയേലിനു വെളിപ്പെട്ട 70-ാം ആഴ്ചവട്ടത്തിന്റെ പകുതിയിൽ സംഭവിക്കണം. അതു തന്റെ കാലത്തു തന്നെയും നിവൃത്തിക്കപ്പെടാത്ത പ്രവചനമായി നമ്മുടെ കർത്താവു പറഞ്ഞിരിക്കുന്നതുകൊണ്ടു് അന്തിയോക്കസ് എപ്പിഫാനസ്സിൽ ദാനി: 8: 9-13 വരെയുള്ള ഭവിഷ്യദ്വചനങ്ങൾ നിവൃത്തിയായിട്ടില്ലെന്നുള്ളതു തീർച്ചതന്നെ.

കോലാട്ടുകൊററന്റെ തലയിൽ ഉണ്ടായിരുന്ന വലിയ കൊമ്പിന്റെ സ്ഥാനത്തു മുളച്ച നാലു കൊമ്പുകളിൽ ഒന്നിൽനിന്നാണ് ചെറിയ കൊമ്പ് അഥവാ അന്തിക്രിസ്തു വരുന്നതു് എന്നു ദാനിയേലിനു വെളിപ്പെടുത്തിയിരുന്നിട്ടും അതു് ഏതായിരിക്കുമെന്നു് ഇനിയും അവനു വെളിപ്പെടേണ്ടിയിരുന്നു.

അലക്സന്തർ ചക്രവർത്തിയാകുന്ന വലിയ കൊമ്പിന്റെ കാലശേഷം വന്ന നാലു രാജാക്കന്മാരാകുന്ന കൊമ്പുകൾ അത്രേ. ഈജിപ്തു്, മാസിഡോൺ, ഏസിയാ ഉൾപ്പെട്ടിട്ടുള്ള സിറിയാ എന്നീ നാലു രാജ്യങ്ങൾ കാലക്രമേണ (ബി. സി. 30-ൽ) നാലാം രാജ്യമാകുന്ന റോമാസാമ്രാജ്യത്തോടു ലയിച്ചു എന്നു ചരിത്രപാരായണത്തിൽനിന്നു നമുക്കറിവാൻ സാധിക്കും.

നാലു കൊമ്പുകളിൽ (രാജ്യങ്ങളിൽ) ഏതിൽനിന്നാണ് ചെറുകൊമ്പ് അഥവാ അന്തിക്രിസ്തു വരേണ്ടതു് എന്നു കാണിപ്പാൻ ആട്ടുകൊററന്റെയും കോലാട്ടുകൊററന്റെയും ദർശനത്തിനു് ഒരു പതിനഞ്ചു വർഷശേഷം വടക്കേരാജാവു്, തെക്കേരാജാവു് എന്നിങ്ങനെ രണ്ടു രാജാക്കന്മാരേക്കുറിച്ചു വേറൊരു ദർശനം ദൈവം അവനു നൽകി. ദാനി: **11: 1-45.**

ഇതിൽ വടക്കേരാജാവു സിറിയാരാജാവു തന്നെ അവന്റെ പടുതിയും നടത്തയും നോക്കിയാൽ (ദാനി: 11: 36-38) നാലു കൊമ്പുകളിൽ ഒന്നിൽനിന്നു മുളച്ചുവന്ന ചെറുകൊമ്പിന്റെ നടപടിയോടു് അതു വളരെ യോജിച്ചിരിക്കുന്നു. അതിനാൽ അന്തിക്രിസ്തു സിറിയായിൽനിന്നാണ് വരുന്നതെന്നു തെളിയുന്നു.

ദാനി: **11: 21-31** വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന വടക്കേരാജാവു് അന്തിയോക്കസ് എപ്പിഫാനസ് തന്നെയെന്നുള്ളതിനു സംശയമില്ല. എന്നാൽ ആ രാജാവു് അവസാനനാളുകളിൽ സിറിയയിൽ നിന്നു് എഴുന്നേല്പാൻപോകുന്ന ചെറിയ കൊമ്പ് അഥവാ അന്തിക്രിസ്തു ആയിരിക്കയില്ലെന്നുള്ളതു 35 മുതലുള്ള വാക്യങ്ങളിൽനിന്നു സ്പഷ്ടമായി തെളിയുന്നു. പ്രസ്തുതവാക്യങ്ങൾ അന്തിക്രിസ്തുവിന്റെ (ഭാവി) നടപടിയെ തന്നെയാണ് വിളിച്ചുപറയുന്നതു്.

# വിയോജിതൻ

32-ാം 35-ാം ഇടയ്ക്കുള്ള വാക്യങ്ങൾ അന്തിയോക്കസ് എപ്പിഫാനസിന്റെ കാലത്തിനും അന്തിക്രിസ്തുവിന്റെ ഉദയത്തിനും മദ്ധ്യേയുള്ള സംഭവങ്ങൾ ആകുന്നു. ഇതു കാലത്തിന്റെ ഇടയെ പൂരിപ്പിക്കുന്നു.

അന്തിയോക്കസ് എപ്പിഫാനസ് അന്തിക്രിസ്തുവിന്റെ ഒരു മുൻകുറിയായിരിക്കണമെന്നുപോലും വചനം ഉദ്ദേശിക്കുന്നില്ല. അവർ രണ്ടും രണ്ടു മൂർത്തികൾ. ഇവർക്ക് തമ്മിൽ ചില സാമ്യങ്ങൾ ഉണ്ടെങ്കിലും അവരെ ഒന്നാക്കി കുഴയ്ക്കുവാൻ പാടില്ല.

വടക്കു, തെക്ക് എന്നുള്ളതു യഥാക്രമം സിറിയയെയും ഈജിപ്തിനെയും കുറിക്കുന്നു. ഇവ പലസ്തീന്റെ വടക്കും തെക്കുമായി കിടക്കുന്ന നാടുകൾ തന്നെ. അസീറിയാ, സിറിയയിൽ ഉൾപ്പെട്ടതാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഈ വ്യാഖ്യാനത്തിൽനിന്ന് അന്തിക്രിസ്തു എവിടെനിന്നാണ് വരുന്നതെന്നു നമുക്കു കണ്ടുപിടിപ്പാൻ കഴിയും. യെശയ്യാ 10: 12-ൽ വായിക്കുന്നതാവിത്:

"അതുകൊണ്ടു കർത്താവു സീയോൻപർവ്വതത്തിലും യെരുശലേമിലും തന്റെ പ്രവൃത്തിയൊക്കെയും തീർത്തശേഷം ഞാൻ അശ്ശൂർരാജാവിന്റെ അഹങ്കാരത്തിന്റെ ഫലത്തെയും അവന്റെ ഉന്നതഭാവത്തിന്റെ മഹിമയെയും സന്ദർശിക്കും."

കൂടാതെ യെശയ്യാ 14: 25-ൽ എന്റെ ദേശത്തുവെച്ചു ഞാൻ അശ്ശൂറിനെ തകർക്കും. എന്റെ പർവ്വതങ്ങളിൽവെച്ചു അവനെ ചവിട്ടിക്കളയും. അങ്ങനെ അവന്റെ നുകം അവരുടെമേൽനിന്നു നീങ്ങും. അവന്റെ ചുമട് അവരുടെ തോളിൽനിന്നു മാറിപ്പോകും.

ഈ വാക്യം ഇസ്രായേലിന്റെ യഥാസ്ഥാപനത്തെയും അന്തിക്രിസ്തുവിന്റെ വീഴ്ചയെയും കുറിച്ചു പറയുന്നതാണെന്നു വായനക്കാരൻ മനസ്സിലാക്കുമല്ലോ.

സംക്ഷേപിച്ചു പറഞ്ഞാൽ ദാനിയേൽ തന്റെ മൂന്നു ദർശനങ്ങളിൽനിന്നു മൂന്നു സംഗതികൾ ഗ്രഹിച്ചു. അവയാവിത്:

1. നാലാം മൃഗത്തിന്റെ ചെറിയ കൊമ്പിൽനിന്ന് അന്ത്യകാലങ്ങളിൽ അറിയാത്ത ഒരു ഭയങ്കരമൂർത്തി എഴുന്നേൽക്കും.

2. കോലാട്ടുകൊറ്റന്റെ വലിയ കൊമ്പിന്റെ സ്ഥാനത്തുണ്ടായ നാലു വിശേഷകൊമ്പുകളിൽ ഒന്നിൽനിന്നു ചെറിയ കൊമ്പു മുളെച്ചുവന്ന കാരണത്താൽ അലക്സാണ്ടറിന്റെ മരണത്തിൽ വിഭജിക്കപ്പെട്ട ഗ്രീക്കുരാജ്യങ്ങളിൽ ഒന്നിൽനിന്ന് ഒരു ഭീകരരക്ഷസ്സ് ഉല്പത്തിയാകും.

3. വടക്കേരാജാവിനെക്കുറിച്ചുള്ള ദർശനത്തിൽനിന്നു തെളിഞ്ഞ പ്രകാരം ആ ഉഗ്രമൂർത്തി അലക്സാണ്ടറിന്റെ വിഭക്തരാജ്യങ്ങളിൽ ഒന്നായ സിറിയയിൽനിന്നു പുറപ്പെട്ടുവരും.

അതിനാൽ അന്തിക്രിസ്തു സ്ഥാനാരോഹകനായ ഒരു യഹൂദനായിരിക്കുമെന്ന് എല്ലാംകൊണ്ടും നിശ്ചയിക്കാം. യഹൂദേതരജാതി വരുവാൻ പാടില്ല. കാരണം യഹൂദന്മാർ അവനെ തങ്ങളുടെ മശിഹായായി സ്വീകരിക്കണമെങ്കിൽ അവൻ യഹൂദനായിരിക്കയോ അല്ലെങ്കിൽ താൻ യഹൂദനാണെന്ന് അവരെ വിശ്വസിപ്പിക്കയോ ചെയ്യണം. അന്തിക്രിസ്തു ഒരു സമയത്തു റോമനും യഹൂദനുമായിരിക്കുന്നതെങ്ങനെയെന്നു ശങ്കിക്കേണ്ട ആവശ്യമില്ല. ഗ്രന്ഥകാരനായ ശൌൽ ഒരു റോമനും യഹൂദനുമായിരുന്നുവല്ലോ.

## ൨. പൌലൂസിന്റെ കാഴ്ച.

പൌലൂസ് തെസ്സലോന്യക്ക് എഴുതുമ്പോൾ പറയുന്നതാവിതു്:

ആരും ഒരുവിധേനയും നിങ്ങളെ ചതിക്കരുതു്. ആദ്യമെ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു ദൈവം എന്നോ പൂജാവിഷയമോ എന്നു പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി ആകും. . . . . അധർമ്മത്തിന്റെ മർമ്മം ഇപ്പോഴെ വ്യാപരിക്കുന്നുണ്ടു്. ഇതുവരെ തടുക്കുന്നവൻ വഴിയിൽനിന്നു നീങ്ങിപ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും. അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെയായിരിക്കും. അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. 2 തെസ്സ: 2: 3-10.

അമേരിക്കൻ വേദപുസ്തകഭാഷാന്തരം (American Standard Edition of the Bible) ത്തിൽ അന്തിക്രിസ്തുവിനെ (Mystery of lawlessness or the Lawless one) അതായതു് അധർമ്മത്തിന്റെ മർമ്മം അഥവാ അധർമ്മി എന്നു വിളിക്കുന്നു. അവൻ അധർമ്മത്തിന്റെ കാര്യമാണ്; കാരണമല്ല. ഇപ്പോൾ ലോകത്തിൽ തിളച്ചുപൊങ്ങിക്കൊണ്ടിരിക്കുന്ന കലാപത്തിന്റെ ഉള്ളിൽനിന്നു് അവൻ ഉത്ഥിതനായി പുറത്തുവരും.

അപ്പൊസ്തലനായ പൌലൂസ് അന്തിക്രിസ്തുവിനു കൊടുക്കുന്ന പേർ നാശത്തിന്റെ പുത്രൻ എന്നാണ്. ഇതു അർത്ഥരഹിതമായ ഒന്നല്ല. കേവലം അലങ്കാരപ്രയോഗവുമല്ല. നാം വേദപരിശോധന ചെയ്താൽ തിരുവെഴുത്തുകളിൽ രണ്ടു പ്രാവശ്യം മാത്രം ഈ

പദം ഉപയോഗിച്ചിരിക്കുന്നതായി കാണാം. അവയിൽ ഒന്ന് ഇതും, മററതു് യൂദാ ഇസ്കരിയോത്തിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതുമാകുന്നു. ഇതുംകൂടാതെ അപ്പോസ്തലൻ അന്തിക്രിസ്തുവിനെ അധർമ്മത്തിന്റെ മർമ്മം എന്നു വിളിക്കുന്നുണ്ട്. അതിന്റെ അർത്ഥം എന്തു്? 1 തിമൊ: 3: 16-ൽ ക്രിസ്തുവിനെ ദൈവഭക്തിയുടെ മർമ്മം എന്നു വിളിക്കുന്നു. അതിനു ദൈവം ജഡത്തിൽ വെളിപ്പെട്ടു; അഥവാ ജഡത്തിൽ വെളിപ്പെട്ട ദൈവം എന്നാണല്ലോ അർത്ഥം. ദൈവം എങ്ങനെയാണ് ജഡത്തിൽ വെളിപ്പെട്ടതു്. പരിശുദ്ധാത്മാവിനാൽ അവൻ കന്യകമറിയയിൽ ഉരുവായി. അങ്ങനെയായിരുന്നു യേശു ദൈവപുത്രൻ എന്നു വിളിക്കപ്പെട്ടതു്. ലൂക്കൊ: 1: 35. അധർമ്മം ദൈവഭക്തിക്കെതിരാണല്ലോ. അതിനാൽ അധർമ്മത്തിന്റെ മർമ്മത്തിനു് ഒരു എതിരവസ്ഥയുണ്ടായിരിക്കണം. അങ്ങനെ ക്രിസ്തു ദൈവഭക്തിയുടെ മർമ്മമെങ്കിൽ അന്തിക്രിസ്തു അധർമ്മത്തിന്റെ മർമ്മമാണ്. ക്രിസ്തു ദൈവപുത്രനെങ്കിൽ അന്തിക്രിസ്തു നാശപുത്രൻ അഥവാ സാത്താന്റെ പുത്രൻ തന്നെ. ക്രിസ്തു പരിശുദ്ധാത്മാവിനാൽ ഒരു കന്യകയിൽനിന്നു ജനിച്ചതുപോലെ അന്തിക്രിസ്തുവും സാത്താനാൽ ഒരു സ്ത്രീയിൽനിന്നു (കന്യകയിൽനിന്നല്ല) ജനിക്കേണ്ടതാണ്. ഇതു പുതിയ അഭിപ്രായമല്ല. അപ്പൊസ്തലകാലം മുതലുള്ള ക്രിസ്ത്യാനികളിൽ പലർ സ്വീകരിച്ചുവന്നിരുന്നതാണ്. ദൈവവചനവും ഇതിനെ അനുകൂലിക്കുന്നുണ്ട്. ഉല്പത്തി: 3: 15-ൽ ദൈവം സർപ്പത്തോടു്, അഥവാ സാത്താനോടു, ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വമുണ്ടാക്കും എന്നു പറയുന്നു. ഇതിൽ സ്ത്രീയുടെ സന്തതി ക്രിസ്തുവും, സർപ്പത്തിന്റെ സന്തതി അഥവാ സാത്താന്റെ സന്തതി അന്തിക്രിസ്തുവുമാണ്. യോഹ: 8: 44-ൽ യേശു യഹൂദന്മാരോടു പറയുന്നതു്: നിങ്ങൾ പിശാചു് എന്ന പിതാവിന്റെ മക്കൾ. . . . അവൻ ഭോഷ്കു് പറയുമ്പോൾ സ്വന്തത്തിൽനിന്നു് എടുത്തു പറയുന്നു. അവൻ ഭോഷ്കു് പറയുന്നവനും അതിന്റെ (ഭോഷ്കിന്റെ) അപ്പനും ആകുന്നു. ഇതിൽനിന്നു ഭോഷ്കു് എന്ന പേരോടുകൂടി സാത്താനു് ഒരു സന്തതിയുണ്ടെന്നു തെളിയുന്നു. ഇതുകൊണ്ടല്ലയോ 2 തെസ്സ: 2: 12-ൽ ദൈവം അവർക്കു ഭോഷ്കു് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു എന്നു പറഞ്ഞിരിക്കുന്നതു്. ഇവിടെ വ്യാജം എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം യോഹ: 8: 44-ൽ എന്നപോലെ The Lie എന്നർത്ഥം വരുന്നതാണ്. അതു വായിക്കുമ്പോൾ അതു് ഒരു പ്രത്യേകവ്യക്തിയെ ഉന്നമാക്കുന്നതാണെന്നു തോന്നും.

എന്നാൽ എന്തുകൊണ്ടാണ് യൂദായെ നാശത്തിന്റെ പുത്രൻ എന്നു വിളിക്കുന്നതു്. സാത്താൻമുഖാന്തരം വല്ല സ്ത്രീയിൽനിന്നി

നും അവൻ ഉല്പത്തിയായതാണോ? വേദവാക്യംതന്നേ ഇതിനു മറുപടി പറയട്ടേ. യോഹ: 6: 70, 71. ഈ വാക്യങ്ങളിൽ കാണുന്നതു് എന്തു്? യേശു അവരോടു്: നിങ്ങളെ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചു് ആകുന്നു. ഇതു് അവൻ ശിമോൻ ഇസ്കരിയോത്താ എന്ന യൂദയെക്കുറിച്ചു പറഞ്ഞു. ഇവൻ പന്തിരുവരിൽ ഒരുത്തനെങ്കിലും അവനെ കാണിച്ചുകൊടുപ്പാനുള്ളവൻ ആയിരുന്നു. ഇവിടെ ഗ്രീക്കിൽ The Devil എന്നർത്ഥം വരുന്ന വിധത്തിലാണു് പ്രയോഗം. സാത്താന്റെ അവതാരമാണു് യൂദയെന്നു് ഇതു കാണിക്കുന്നു. മാത്രമല്ല, ഒരു മനുഷ്യജീവിയെ Diabolus എന്നു പറഞ്ഞിട്ടുള്ളതു വേദവാക്യങ്ങളിൽ ഇവിടെ ഒരിടത്തു മാത്രവുമാണു്.

നാശത്തിന്റെ പുത്രനെന്നും മറ്റുമുള്ള ശബ്ദപ്രയോഗത്തിൽ നാശം എന്നതു് ഒരു സ്ഥലമാണെങ്കിലും (വെളി: 17: 8, 11.) അതു മനുഷ്യൻ വീഴാവുന്ന സ്ഥിതിയേക്കൂടി കുറിക്കുന്നതാണു്. (1 തിമൊ: 6: 9; എബ്രാ: 10: 39.) ക്ഷമിക്കപ്പെടാത്ത പാപം ചെയ്തിട്ടുള്ളവർ തിരിച്ചുവരാൻ കഴിയാത്ത ഒരു സ്ഥലത്തായിപ്പോകുന്നു. അവരെ നാശത്തിന്റെ പുത്രന്മാർ എന്നു വിളിക്കാം. എന്നാൽ യൂദാ, അന്തിക്രിസ്തു, ഇവരെ നാശത്തിന്റെ പുത്രന്മാർ എന്നു വിളിക്കുന്നതു് ഒരു പ്രത്യേകാർത്ഥത്തിലാണു്. കാരണം, അവർ നാശത്തിന്റെ കർത്താവായ സാത്താന്റെ പുത്രന്മാരാകുന്നു. അവരെ പിശാചു ഭരിക്കുന്നവരെന്നോ പിശാചു് അവരിൽ കയറിയിരിക്കുന്നവരെന്നോ അല്ല; പ്രത്യുത അവർ സാത്താന്റെ അവതാരങ്ങൾ എന്നോ അത്രേ വിചാരിക്കേണ്ടതു്. അവർ ഒരു ക്ലിപ്തകാലത്തേക്കു ഭൂമിയിൽ ചില സംഗതികൾ നിവർത്തിപ്പാൻ ജനിച്ചിട്ടുള്ളവരാകുന്നു.

ഇതിൽനിന്നു് ഒരു ചോദ്യമുണ്ടാകാനിടയുണ്ടു്. യൂദയും അന്തിക്രിസ്തുവും നാശപുത്രന്മാർ എന്നു വിളിക്കപ്പെട്ടെങ്കിൽ അവർ ഇരുവരും ഒന്നാണെന്നു വരുമോ? അതോ നാശത്തിനു രണ്ടു പുത്രന്മാരുണ്ടോ?

വെളി: 11: 7 നോക്കുക. സാക്ഷികളെ കൊന്നുകളയുന്ന മൃഗം ആഴത്തിൽനിന്നു കയറിവരുന്നതായി ഇവിടെ വായിക്കുന്നു. ഈ മൃഗം അന്തിക്രിസ്തുവാണു്. പ്രസ്തുതമൃഗം കയറുന്നതിനു മുമ്പെ ആഴത്തിലായതു് എങ്ങനെ? നാശത്തിന്റെ പുത്രൻ ഒന്നേയുള്ളുവെങ്കിൽ തന്റെ സ്ഥലത്തേക്കു പോയ (പ്രവൃ: 1: 25) യൂദാ തന്നെയാണു് ഈ മൃഗം. മറ്റു യാതൊരാളിനെക്കുറിച്ചും തന്റെ സ്വന്തസ്ഥലത്തേക്കു പോയി എന്നു വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല എന്നുള്ളതു് ഇതിനെ ഉറപ്പിക്കുന്നു. കൂടാതെ ...

വെ: 17: 8-ൽ കാണുന്നതു എന്തു? "നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും; ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു." സാക്ഷികളെ കൊല്ലുന്നതു ഈ മൃഗംതന്നേ ആയിരിക്കയാൽ ഇതു അന്തിക്രിസ്തു തന്നേ ആകുന്നു. ഇവനെക്കുറിച്ചു നാലു സംഗതിയാണ് പറഞ്ഞിട്ടുള്ളതു. ഒന്നാമതു മുമ്പുണ്ടായിരുന്നതു, രണ്ടാമതു ഇപ്പോൾ ഇല്ലാത്തതു, മൂന്നാമതു ആഴത്തിൽനിന്നു കയറിവരുന്നതു, നാലാമതു നാശത്തിലേക്കു പോകുവാനിരിക്കുന്നതു. അന്തിക്രിസ്തുവിനെക്കുറിച്ചു ഇതിൽനിന്നു മനസ്സിലാകുന്നതു യോഹന്നാന്റെ ദർശനത്തിനു മുമ്പു അവൻ ഭൂമിയിൽ ഉണ്ടായിരുന്നതായും തദനന്തരം ഇല്ലാതെപോയതായിട്ടുമാണ്. ആരാണ് ഭൂമിയിൽ ഉണ്ടായിരുന്നശേഷം ദർശനകാലമായപ്പോഴേക്കു ഭൂമിയിൽനിന്നു ഇല്ലാതെപോയ പിശാചു? ഇതിനു യൂദായെന്നല്ലാതെ എളുപ്പമായ മറ്റൊരു മറുപടി കിട്ടുവാൻ പ്രയാസം. പക്ഷെ അവൻതന്നേ അന്ത്യനാളുകളിൽ അഗാധത്തിൽനിന്നു കയറിവരികയും ദുഷ്ടന്മാരോടു പോരാടി ഒടുവിൽ ദൈവപുത്രന്റെ കയ്യാൽ നിത്യനാശം അനുഭവിക്കയും ചെയ്യും. (തുടരും)

## ഒരു സംഭാഷണം.

### ചേങ്ങലയും ക്രിസ്ത്യാനിയും പിശാചും മനസ്സാക്ഷിയും.

ചേങ്ങല — ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി — ചേങ്ങല കേൾക്കുന്നുവല്ലോ; യോഗത്തിനു പോകാൻ സമയമായി.

പിശാചു — ഈ ആഴ്ച മുഴുവനും ഇടവിടാതെ അദ്ധ്വാനിച്ചു ക്ഷീണിച്ചിരിക്കുന്ന നീയാണോ യോഗത്തിനു പോകണമെന്നാലോചിക്കുന്നതു?

ക്രിസ്ത്യാനി — അതു നേരു തന്നെ. വളരെ ബുദ്ധിമുട്ടി ജോലി ചെയ്തതിനാൽ എനിക്കു ക്ഷീണമുണ്ട്.

മനസ്സാക്ഷി — ഈ ആഴ്ചവട്ടം മുഴുവനും നീ ശരീരത്തിനുവേണ്ടി അദ്ധ്വാനിച്ചാണല്ലൊ ഇത്ര ക്ഷീണിച്ചതു. ആത്മാവിനുവേണ്ടി ഒരു മണിക്കൂർ എങ്കിലും ചെലവിടുവാൻ ഇതു നിനക്കു കഴിവില്ലയോ?

ചേങ്ങല — ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി — എനിക്കു പോകണം; പോയില്ലെങ്കിൽ മോശമാണ്. മറ്റുള്ളവരെല്ലാം പോയിരിക്കെ ഞാൻ മാത്രം ഇരുന്നുകളയുന്നതു ശരിയല്ല.

പിശാച്—ഇങ്ങനെയാണോ പറയുന്നതു്? നിന്റെ സുഖക്കേടിനെപ്പററി അല്പമൊന്നു വിചാരിച്ചേ! അതു നീ ഓർക്കാത്തതെന്താണ്? ശരീരമുണ്ടെങ്കിലേ ആത്മാവുമുള്ളൂ.

ക്രിസ്ത്യാനി—ശരി തന്നെ; എനിക്കു സുഖമില്ല.

മനസ്സാക്ഷി—ദേഹത്തിനു സുഖമില്ലെന്നുവെച്ചു നീ ലോകജോലികൾ ഉപേക്ഷിച്ചുകളയുമോ? ആരെങ്കിലും നിന്നെ സദ്യയ്ക്കു വിളിച്ചിരുന്നാൽ നീ അവിടെ ഓടി എത്തുകയില്ലയോ? ആദായമോ ഭക്ഷണമോ കിട്ടുമെങ്കിൽ തീച്ചയായും എവിടെ വേണമെങ്കിലും പോകും. ഉത്തരം വരട്ടെ. നേരം വെളുക്കുന്നതു വരെ ഉറക്കിളച്ചു നീ "കള്ളുവെള്ള"ത്തിൽ നിൽക്കയില്ലയോ? എന്നു കാണട്ടെ.

ചേങ്ങല—ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി—മനസ്സാക്ഷി പറഞ്ഞതു ശരിയാണ്. എനിക്കു് അത്യാവശ്യമുള്ള സംഗതിക്കു വല്ലാ എങ്കിലും ഞാൻ പോകാതിരിക്കയില്ല.

പിശാച്—ഹേ! എന്താണിതെന്നെ? ആകാശം കറുത്തിരിക്കുന്നതു കണ്ടില്ലേ? വലിയ മഴ പെയ്യും. കുടയുമില്ല.

മനസ്സാക്ഷി—മഴയാണെങ്കിലും ഭാര്യയ്ക്കു പ്രസവം കെട്ടിനിന്നാൽ നീ ഡോക്ടരെ വിളിക്കുവാൻ പോകയില്ലയോ? മഴയുള്ളതുകൊണ്ടു പോകേണ്ടെന്നു വെക്കുമോ? ഉത്തരം പിടിക്കുന്നതിനു തന്നെ പെരുമഴ തകർക്കുന്ന സമയത്തു നീ ചൂട്ടും വെട്ടവും കൂടാതെ എത്ര തവണ തനിച്ചു പോയിട്ടുണ്ട്.

ക്രിസ്ത്യാനി—ശരിയാണ്, ശരിയാണ്. എനിക്കു യോഗത്തിനു പോകണം. പോകേണ്ടതു് എന്റെ മുറയാണ്.

പിശാച്—ഓ! മുറ. നീ ഇന്നു യോഗത്തിൽ ചെല്ലു്. എത്ര പേർ അവിടെ ഇന്നു കാണും. മഴ നനഞ്ഞു യോഗത്തിനു പോകുന്നതിനു അത്ര മണ്ടന്മാർ വേറെയുണ്ടോ? മാത്രമല്ല, നിനക്കു യോഗത്തിൽവെച്ചു് ഉറക്കവും വരും.

ക്രിസ്ത്യാനി—നേരാണ്. അധികംപേരാരും ഇന്നു വരികയില്ല.

മനസ്സാക്ഷി—കൂടുന്നതു ചുരുക്കം പേരായിരുന്നാലും നിനക്കെന്തു്? തന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടിയാലും അവരുടെ നടുവിൽ താൻ ഉണ്ടെന്നല്ലേ പറഞ്ഞിരിക്കുന്നതു്? രണ്ടു മൂന്നു പേർ മാത്രം കൂടുന്നിടത്തു ചെല്ലുവാൻ കർത്താവിനു് ഉത്സാഹമുണ്ടെങ്കിൽ ആ ഉത്സാഹം നിനക്കില്ലാത്തതു് എന്തുകൊണ്ട്?

ചേങ്ങല—ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി—(ഭാര്യയോടു) പോകാൻ വിളക്കോ ചൂട്ടോ വല്ലതുമുണ്ടോ?

പിശാച്—ഇങ്ങനെയാണോ പറയുന്നതു്? നിന്റെ സുഖക്കേടിനെപ്പററി അല്പമൊന്നു വിചാരിച്ചേ! അതു നീ ഓൎക്കാത്തതെന്താണ്? ശരീരമുണ്ടെങ്കിലേ ആത്മാവുമുള്ളൂ.

ക്രിസ്ത്യാനി—ശരി തന്നെ; എനിക്കു സുഖമില്ല.

മനസ്സാക്ഷി—ദേഹത്തിനു സുഖമില്ലെന്നുവെച്ചു നീ ലോകജോലികൾ ഉപേക്ഷിച്ചുകളയുമോ? ആരെങ്കിലും നിന്നെ സദ്യയ്ക്കു വിളിച്ചിരുന്നാൽ നീ അവിടെ ഓടി എത്തുകയില്ലയോ? ആദായമോ ഭക്ഷണമോ കിട്ടുമെങ്കിൽ തീച്ചൂളയിലും എവിടെ വേണമെങ്കിലും പോകും. ഊത്ത വരട്ടെ. നേരം വെളുക്കുന്നതു വരെ ഉറക്കിളച്ചു നീ "കലവെള്ള"ത്തിൽ നിൽക്കയില്ലയോ? എന്നു കാണട്ടെ.

ചേങ്ങല—ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി—മനസ്സാക്ഷി പറഞ്ഞതു ശരിയാണ്. എനിക്കു് അത്യാവശ്യമുള്ള സംഗതിക്കു വല്ലാ എങ്കിലും ഞാൻ പോകാതിരിക്കയില്ല.

പിശാച്—ഹോ! എന്താണിതെന്നെ? ആകാശം കറുത്തിരുണ്ടു വരുന്നതു കണ്ടില്ലേ? വലിയ മഴ പെയ്യും. കുടയുമില്ല.

മനസ്സാക്ഷി—മഴയാണെങ്കിലും ഭാൎയ്യയ്ക്കു പ്രസവം കെട്ടിനിന്നാൽ നീ ഡോക്ടരെ വിളിക്കുവാൻ പോകയില്ലയോ? മഴയുള്ളതുകൊണ്ടു പോകേണ്ടെന്നു വെക്കുമോ? ഊത്ത പിടിക്കുന്നതിനു തന്നെ പെരുമഴ തകൎക്കുന്ന സമയത്തു നീ ചൂട്ടും വെട്ടവും കൂടാതെ എത്ര തവണ തനിച്ചു പാഞ്ഞുപോയിട്ടുണ്ട്.

ക്രിസ്ത്യാനി—ശരിയാണ്, ശരിയാണ്. എനിക്കു യോഗത്തിനു പോകണം. പോകേണ്ടതു് എന്റെ മുറയാണ്.

പിശാച്—ഓ! മുറ. നീ ഇന്നു യോഗത്തിൽ ചെല്ല്. എത്ര പേർ അവിടെ ഇന്നു കാണും. മഴ നനഞ്ഞു യോഗത്തിനു പോകത്തക്ക അത്ര മണ്ടന്മാർ വേറെയുണ്ടോ? മാത്രമല്ല, നിനക്കു യോഗത്തിൽവെച്ചു് ഉറക്കവും വരും.

ക്രിസ്ത്യാനി—നേരാണ്. അധികംപേരാരും ഇന്നു വരികയില്ല.

മനസ്സാക്ഷി—കൂടുന്നതു ചുരുക്കം പേരായിരുന്നാലും നിനക്കെന്തു്? തന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടിയാലും അവരുടെ നടുവിൽ താൻ ഉണ്ടെന്നല്ലേ പറഞ്ഞിരിക്കുന്നതു്? രണ്ടു മൂന്നു പേർ മാത്രം കൂടുന്നിടത്തു ചെല്ലുവാൻ കൎത്താവിനു ഉത്സാഹമുണ്ടെങ്കിൽ ആ ഉത്സാഹം നിനക്കില്ലാത്തതു് എന്തുകൊണ്ട്?

ചേങ്ങല—ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി—(ഭാൎയ്യയോടു) പോകാൻ വിളക്കോ ചൂട്ടോ വല്ലതുമുണ്ടോ?

പിശാച്—(ക്രിസ്ത്യാനിയുടെ ഭാര്യയോട് രഹസ്യമായി) വിളക്കിന്റെ കണ്ണാടി പൊട്ടിപ്പോയി എന്നു പറ. (ഭാര്യ അങ്ങിനെ തന്നെ പറയുന്നു.)

ക്രിസ്ത്യാനി—കേട്ടില്ലയോ? വിളക്കോ കൂട്ടോ വല്ലതുമിവിടെയുണ്ടോ?

പിശാച്—വിളക്കിന്റെ കാര്യം നിന്റെ ഭാര്യ പറഞ്ഞതു കേട്ടില്ലയോ? കൂട്ട നനഞ്ഞു കിടക്കുകയാണ്. നിനക്ക് ഇന്ന് അത്താഴവും നിറഞ്ഞില്ല.

ക്രിസ്ത്യാനി—എന്നാലും എനിക്കു പോയേ മതിയാവു:

പിശാച്—അയ്യോ! അങ്ങിനെ പറയരുതേ. ഭാര്യയും തനിച്ച് ഇവിടെ കിടപ്പാൻ പാടില്ലെന്നും കള്ളന്മാർ രാത്രി കയറിയെങ്കിലോ വാഴക്കുലയോ കട്ടുകൊണ്ടു പോകുമെന്നും ഭാര്യ പറയുന്നതു കാര്യമല്ലയോ?

മനസ്സാക്ഷി—ഇതുകൊണ്ടൊന്നും കലങ്ങരുത്. മുമ്പെ ദൈവരാജ്യവും നീതിയും എന്നല്ലേ വചനം നിന്നെ പഠിപ്പിച്ചിരിക്കുന്നത്. ദൈവവചനം പരിശോധിച്ചാൽ തനിക്കുള്ള സകലതേയും സ്വകലത്രത്തേയും മാത്രമല്ല ജീവനേക്കൂടെയും പകെക്കാതിരുന്നാൽ കർത്താവിന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല എന്നല്ലയോ കാണുന്നത്.

ചേങ്ങല—ടിങ്ങ്, ടിങ്ങ്, ടിങ്ങ്.

ക്രിസ്ത്യാനി—അല്ലയോ മനസ്സാക്ഷി! നീ പറഞ്ഞതു ശരി തന്നെ. ഞാൻ ഈ വ്യവസ്ഥ മറന്നു പൈശാചികശബ്ദത്തിന് ഇത്രനേരവും ചെവി കൊടുത്തുപോയി. ഇന്ന് എനിക്കു തരുവാൻ ദൈവം തിരുമനസ്സാകുന്ന അനുഗ്രഹത്തെ ഞാൻ നഷ്ടപ്പെടുത്തുകയില്ല. ഞാൻ യോഗത്തിനു പോകുന്നു.

## പ്രോട്ടസ്റ്റന്റുമതവും വേദപുസ്തകവും.

(തുടർച്ച)

(ഫാദർ തോമസ് മണ്ണൂച്ചേരി എഴുതിയ ലഘുലേഖയുടെ ഖണ്ഡനം)

7. ഇനിയും വേദപുസ്തകം മാത്രം എന്നുള്ള വാദത്തെ സ്വീകരിക്കാതിരിക്കുന്നതിനു ഫാദർ തോമസ് അവർകൾ പറയുന്ന ഒൻപതു ന്യായങ്ങളെ ഓരോന്നായി വിമർശനം ചെയ്യാം. നിർഭാഗ്യവശാൽ, അദ്ദേഹത്തിന്റെ ന്യായങ്ങൾ "ചക്കിനു വെച്ചതു കൊക്കിനു കൊണ്ടു" എന്ന പോലെയാണിരിക്കുന്നതു. കാരണം, വേദപുസ്തകം മാത്രം സ്വീകരിക്കാതിരിക്കുന്നതിന് അദ്ദേഹം കൊണ്ടു

വന്നിട്ടുള്ള ന്യായങ്ങൾ വേദപുസ്തകത്തെ ക്രിസ്തീയവെളിപ്പിൽനിന്നു ഉച്ചാടനം ചെയ്യുന്നതിനു മാത്രമേ ഉപകരിക്കുന്നുള്ളൂ.

1. അദ്ദേഹത്തിൻെറ ഒന്നാം ന്യായമാവിതു്: “ക്രിസ്തു താൻ തന്നെ വേദപുസ്തകത്തിൻെറ യാതൊരു ഭാഗവും എഴുതിയിട്ടില്ല.”

കൂടാതെ “വേദപുസ്തകം മാത്രം നമുക്ക് ആധാരമായിരിക്കണമെന്നായിരുന്നെങ്കിൽ കർത്താവു തൻെറ ജീവിതകാലം മുഴുവൻ വേദപുസ്തകം എഴുതുന്നതിനായി വിനിയോഗിക്കുമായിരുന്നുവെന്നും താൻ ഇവിടെനിന്നു പോകുമ്പോൾ വേദപുസ്തകം നമുക്കു തന്നുംവച്ചു പോകുമായിരുന്നുവെന്നും” അദ്ദേഹം പറയുന്നു.

ഫാദറിൻെറ ഈ വാദം പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നും. എന്നാൽ അതിൻെറ ഉള്ളു പരിശോധിക്കുമ്പോൾ അശേഷം ദ്രവിച്ചതായിട്ടാണ് കാണുക. കാരണം, ക്രിസ്തു സ്വന്തവിരൽകൊണ്ടു വേദം എഴുതിയിട്ടില്ലെങ്കിലും തൻെറ ആത്മാവുമുഖാന്തരം ശിഷ്യന്മാർ എഴുതിയപ്പോൾ അതു താൻതന്നെ എഴുതിയതിനു തുല്യമാണ്. ഇതിനെതിരായിട്ടു ശിഷ്യന്മാർ തൻെറ ആത്മാവിനാൽ അല്ല, മതാഭ്യാസമായിട്ടാണ് സുവിശേഷവും ലേഖനവും എഴുതിയതെന്നു ഫാദർ കടന്നു പറകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പഴയനിയമപ്രവാചകന്മാർ തന്നെയും ക്രിസ്തുവിൻെറ ആത്മാവിനാലാണ് പ്രവചിച്ചിട്ടുള്ളതെങ്കിൽ (1 പത്രോ: 1: 11; 3: 19) തൻെറ ശിഷ്യന്മാർ ക്രിസ്തുവിൻെറ ആത്മാവിനാലല്ല വചനം എഴുതിയിട്ടുള്ളതെന്നു പറവാൻ പാടില്ലല്ലോ. അതിനാലത്രേ പൌലൂസ് തിമൊഥെയൊസിനെഴുതുമ്പോൾ സകല തിരുവെഴുത്തും ദൈവശ്വാസീയമാകുന്നു എന്നു ചൊല്ലിയിരിക്കുന്നതു. ലേഖനത്തിൽ പത്രൊസ്, “പ്രവചനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ല; ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചുവത്രേ” എന്നു പറഞ്ഞിരിക്കുന്നതു വിശേഷിച്ച് ഓർമ്മിക്കേണ്ടതാണ്.

കർത്താവു സ്വന്തവിരൽകൊണ്ടു വേദം എഴുതുവാൻ ഇടയാകാഞ്ഞതിനാൽ വേദത്തിനുള്ള അപകർഷം എന്താണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. കർത്താവു തൻെറ കൈകൊണ്ടു ആരെയും സ്നാനപ്പെടുത്തായ്കയാൽ (യോഹ: 4: 2) സ്നാനത്തിനു വല്ല അപകർഷവും ഉണ്ടോ? മാത്രമല്ല, ആ കാരണത്താൽ സ്നാനം അപ്രമാണമെന്നു വരുമോ? ആരാധന ചെയ്യുന്ന വിശുദ്ധബലി കർത്താവിൻെറ സ്വന്തവിരൽകൊണ്ടല്ലാത്തതുകൊണ്ടു നിഷിദ്ധം എന്നു ഗണിക്കാമോ? കല്പനകൾ ആരുടേതായിരുന്നാലും അവയുടെ ഉള്ളിൻെറ അർത്ഥം എന്നു മാത്രമല്ല മേൽവിലാസക്കാരൻ ആരെന്നു നോക്കേണ്ട ആവശ്യമുള്ളൂ. വേദത്തിനു ദൈവത്തിൻെറ അധികാരമുണ്ടെന്നുള്ളതിനു യോഹ: 5: 39; മത്താ: 5: 17–19; ലൂ

കൊ: 24: 25; വെളി: 22: 16 മുതലായ നൂറുനൂറു വാക്യങ്ങൾ സാക്ഷ്യങ്ങളായിട്ടുണ്ട്.

ഇനിയും കർത്താവു താൻതന്നെ എഴുതാതെ ശിഷ്യന്മാരെ ഏല്പിച്ചതു് എന്തെന്നു ചോദിച്ചേക്കാം. അതിനു തക്കതായ കാരണം പറയാനുണ്ട്. പക്ഷെ തന്റെ സ്വന്തകയ്യെഴുത്തിനെ വിഗ്രഹം പോലെ ജനങ്ങൾ ഗണിച്ചു് അതിനെ പൂജിക്കാൻ തുടങ്ങുമെന്നു കണ്ടായിരിക്കണം താൻ അങ്ങനെ ചെയ്യാത്തതു്. തീരെ കഥയില്ലാത്ത എല്ലുമ്പുകൾക്കും ദിവ്യത്വം കല്പിച്ചു് അതിനെ എഴുന്നെള്ളിക്കയും വണങ്ങുകയും പാപപൊറുതി ആരോപിക്കയും തൻലാഭമായി പണം വാരിക്കൂട്ടുകയും ചെയ്യുന്ന കത്തോലിക്കരുടെ സംഗതിയിൽ ഇതുദൃശം ഊഹപ്പെടുവാൻ ഇടയുണ്ട്. മോശയുടെ ശരീരം സംസ്കരിപ്പാൻ ഇസ്രായേല്യരെ ഏല്പിക്കാത്തതു പോലെ തന്നെ യേശു തന്റെ സ്വന്തകയ്യക്ഷരത്തിൽ ഒരു ലിഖിതം സ്വജനങ്ങൾക്കു പ്രദാനം ചെയ്യാത്തതിൽ വലിയ രഹസ്യം അടങ്ങീട്ടുണ്ട്. ദൈവത്തിന്റെ വിരലിനാൽ എഴുതപ്പെട്ട കല്പലക ഇസ്രായേലിന്റെ വിഗ്രഹാരാധനയുടെ "മൂർദ്ധന്യ"ത്തിൽ നീക്കിക്കളയപ്പെട്ടതും ഇതിനു ഒരു ദൃഷ്ടാന്തമാണ്. ഇതിലധികവും കാരണങ്ങൾ ഇതിനു് ഉണ്ടായിരിക്കാം. ഈ കാരണങ്ങൾ യഥാർത്ഥമോ അയഥാർത്ഥമോ ആയിക്കൊള്ളട്ടെ. എന്നാലും തന്റെ സ്വന്തവിരൽകൊണ്ടു യേശു എഴുതാത്ത ഹേതു പ്രമാണിച്ചു വേദപുസ്തകം സ്വീകാര്യമല്ലെന്നു ഒരുനാളും വരുന്നതല്ല.

II. "നിങ്ങൾ പോയി സർവ്വജാതികളേയും പഠിപ്പിപ്പിൻ; സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. എന്നു ക്രിസ്തു തന്റെ ശിഷ്യന്മാരോടു പ്രമാണിച്ചതല്ലാതെ അച്ചിട്ടത്ത ഉപദേശത്തെ പുസ്തകരൂപേണ എഴുതി വിശ്വാസികളുടെ ഇടയിൽ പ്രചാരണം ചെയ്യണമെന്നു അവിടുന്നു ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല."

ഈ വാദവും ശരിയല്ല. പഠിപ്പിക്ക, പ്രസംഗിക്ക എന്നീ രണ്ടു ക്രിയകളും വായ്മൂലമേ നടത്തപ്പെടാവൂ എന്നായിരിക്കാം ഫാദർ ധരിച്ചിരിക്കുന്നതു്. പ്രസംഗിപ്പാനും പഠിപ്പിപ്പാനും കർത്താവു തന്റെ ശിഷ്യന്മാരോടു കല്പിച്ചപ്പോൾ വാങ്മൂലവും രേഖാമൂലവുമായ പ്രസംഗപഠനങ്ങളെയാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നത്രേ ഞങ്ങളുടെ അഭിപ്രായം. ഇതിൽ വാങ്മൂലത്തെ മാത്രം കർത്താവു സ്മരിപ്പിച്ചിരുന്നെങ്കിൽ അപ്പോസ്തലന്മാർ എഴുതിയതു കല്പനാലംഘനം എന്നു തന്നെ വരും.* അപ്പോസ്തലന്മാർ ലേഖനം എഴുതിയതു കല്പനാലംഘനം അതായതു പാപമായിരുന്നുവെന്നു പറവാ

* ഇങ്ങനെയാണെങ്കിൽ കർമ്മലക്കുസുമഗ്രന്ഥാവലിയിലെ ലഘുലേഖകൂടി പാപമെന്നു ഗണിക്കേണ്ടിവരും.

ൻ ഒരു റോമക്കാരനു ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. അതിനാൽ കർത്താവിന്റെ ഈ കല്പനയിൽ വാചാപ്രസംഗവും രേഖാപ്രസംഗവും അടങ്ങിട്ടുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല.

മാത്രമല്ല, കർത്താവു നേരിട്ട് എഴുതുവാൻ കല്പിച്ചതായി തെളിഞ്ഞ വാക്യങ്ങൾ ഉണ്ട്. വെളി: 1: 11, 20; 2: 1, 8, 12, 18; 3: 1, 7, 14; 14: 13; 21: 5. ഇതുപോലെതന്നെ പഴയനിയമത്തിലും എഴുതുവാനുള്ള കല്പന പലടത്തും കാണുന്നുണ്ട്. പുറ: 17: 14; സങ്കീ: 102: 18; യശ: 30: 8; ഹൊസ: 43: 11; ഹബക്ക: 2: 2. ഇതിനാൽ തന്റെ ഉപദേശത്തെ പുസ്തകരൂപേണ എഴുതി വിതരണം ചെയ്യണമെന്നു ക്രിസ്തു ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ലെന്നു ഫാദർ പറഞ്ഞതു വേദവായനയുടെ ക്ഷാമംകൊണ്ടാണെന്നേ നമുക്കു വിചാരിച്ചുകൂടു.

III. “ആരെങ്കിലും വേദപുസ്തകം വായിക്കുന്നില്ലെങ്കിൽ അവൻ ശിക്ഷായോഗ്യനായിത്തീരും എന്നല്ല, പിന്നെയോ സഭയെ കേൾക്കാത്തവൻ നിനക്ക് ഒരു അജ്ഞാനിയേയും ചുങ്കക്കാരനേയും പോലെ ആയിരിക്കട്ടെ എന്നാണ് അവിടുന്നു കല്പിക്കുന്നത്. വേദപുസ്തകത്തെ ഒരു മാർഗ്ഗദർശിയായി സ്വീകരിച്ചിരിക്കുന്നവൻ എന്നെ അനുഗമിക്കുന്നു എന്നല്ല, പിന്നെയോ നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു എന്നാണ് അവിടുന്ന് അരുളിച്ചെയ്തിട്ടുള്ളത്. വിശ്വാസം വായനകൊണ്ടല്ല കേൾവികൊണ്ടാണുണ്ടാകുന്നത് എന്നു വിശുദ്ധപൌലോസു പറയുന്നു.”

ഈ വാദം വേദമൊഴികൾകൊണ്ടു തന്നെ ഖണ്ഡിതമായിട്ടുള്ളതാണ്. ഇതിൽ മൂന്നു വാക്യങ്ങൾ പകർത്തപ്പെട്ടിരിക്കുന്നു. ഓരോന്നിനേയും യഥാക്രമം ചർച്ച ചെയ്യാം.

1. വേദപുസ്തകം വായിക്കാത്തവൻ, എന്നല്ലാ, സഭയെ കേൾക്കാത്തവൻ നിനക്ക് അജ്ഞാനിയും ചുങ്കക്കാരനുമായിരിക്കട്ടെ എന്നുള്ള ഫാദറിന്റെ വ്യാഖ്യാനം ശരിതന്നെ. പക്ഷെ അദ്ദേഹം അർത്ഥവിവേചനത്തിൽ തല ഉപയോഗിച്ചില്ലെന്നേ ഉള്ളൂ. സഭയെ കേൾക്കാത്തവൻ എന്നു പറഞ്ഞാൽ സഭയുടെ വാക്ക് അനുസരിക്കാത്തവൻ എന്നാണ് നാമൊക്കെ അർത്ഥം ധരിക്കുന്നത്. സഭയുടെ വാക്ക് എന്തായിരിക്കാം. എന്തനുസരിച്ചാണ് സഭ പറയുന്നത്? എന്നു ചോദിച്ചാൽ വേദമനുസരിച്ചാണെന്നുള്ളതിനു തർക്കമില്ല. അതിനാൽ സഭയുടെ വാക്കനുസരിക്കാത്തവൻ എന്നു പറഞ്ഞാൽ ദൈവവചനം അനുസരിക്കാത്തവൻ എന്നാണ് അർത്ഥം വരുന്നത്. വേദം ദൈവവചനമാണെന്നുള്ളതിനെ കത്തോലിക്കർ എതിർക്കയുമില്ലല്ലോ.

2. “നിങ്ങളെ കേൾക്കുന്നവൻ” എന്നതിനു നിങ്ങളുടെ അതായത് അപ്പോസ്തലന്മാരുടെ വചനത്തെ കേൾക്കുന്നവൻ

ഏന്നല്ലാതെ അത്ഥം വരാൻ വഴിയില്ല. ഇവിടെ പറയുന്ന അ
പ്പോസ്തലന്മാരുടെ വചനം എന്തായിരിക്കും? അതു ദൈവവച
നം തന്നെയെന്നുള്ളതിനു തക്കമില്ല. ദൈവവചനങ്ങളെയാണല്ലോ
അപ്പോസ്തലവചനങ്ങളുമായി നാം പുതിയനിയമത്തിൽ കാണുന്ന
ത്. അതിനാൽ അപ്പോസ്തലവചനങ്ങൾ ദൈവവചനമാണെ
ന്നു വിശ്വാസമുള്ളവക്കു വേദത്തെ നിഷേധിപ്പാൻ ഈ വാക്യം
ഒരു വഴിയാകുന്നില്ല.

3. മൂന്നാമത്തേതു വിശ്വാസം കേൾവികൊണ്ടാകുന്നുവെ
ന്നുള്ള പൌലോസിന്റെ വചനമാണ്. "വായന കൊണ്ടെന്ന
ല്ല, കേൾവി കൊണ്ടെന്നാണ്" ഇവിടെ കാണുന്നതെന്നത്രേ ഫാദ
റിന്റെ ന്യായം. എന്നാൽ ഈ വാക്യത്തിന്റെ ഒടുവിലത്തെ ഭാ
ഗം ഇദ്ദേഹം തീരെ മറന്നിരിക്കുന്നു. വാക്യം മുഴുവൻ എങ്ങനെ
എന്നു നോക്കാം. "വിശ്വാസം കേൾവിയാലും കേൾവി ദൈവ
ത്തിന്റെ വചനത്താലുമാകുന്നു." പ്രസ്തുതവാക്യത്തിൽ ദൈവവ
ചനക്കേൾവിയെക്കുറിച്ചാണ് പറയുന്നതെന്നുള്ളതു ആക്കാണ് മ
നസ്സിലാകാത്തതു്. വേദം ദൈവവചനമാണെന്നു വിശ്വാസമുള്ള
ഏവക്കും ഈ വാക്യത്തിൽ അപ്പോസ്തലപ്രകടിതമായ ദൈവവ
ചനത്തെക്കുറിച്ചാണ് പറയുന്നതെന്നുള്ളതിനു തക്കമുണ്ടാവാൻ ഇ
ടയില്ല.

IV. "ശ്ലീഹന്മാരിൽ ചുരുക്കംപേർ മാത്രമേ എന്നെങ്കിലും
എഴുതിയിട്ടുള്ളു. എഴുതീട്ടുള്ളവർ തന്നെയും അവർ തടവിലാ
യിരുന്നപ്പോഴോ നിശ്ചിതസ്ഥലത്തു എത്തുന്നതിനു സാധിക്കാതി
രുന്ന സന്ദർഭങ്ങളിലോ മററു വല്ല സാഹചര്യങ്ങളാലോ മാത്ര
മാണ് എഴുതുന്നതിനു നിർബന്ധിതരായതു്. എഴുതീട്ടുള്ളവ
തിൽ ഭൂരിപക്ഷം വേദം സഭയുടെ പൊതുവായുള്ള ആവശ്യത്തി
നായല്ല എഴുതിയിരിക്കുന്നതു്."

ഇതിലെ ഓരോ വാചകങ്ങളെയും ഓരോ ഭാഗമായി പിരി
ച്ചു സമാധാനം പറയേണ്ടിയിരിക്കുന്നു.

ക. "ശ്ലീഹന്മാരിൽ ചുരുക്കം പേർ മാത്രമേ എഴുതിട്ടു
ള്ളു" എന്നു പറയുന്നതിന്റെ സാദ്ധ്യം എന്തെന്ന് അറിയുന്നില്ല.
ചുരുക്കംപേർ മാത്രം എഴുതീട്ടുള്ളതുകൊണ്ട് അതു വകവെപ്പാ
ൻ ആവശ്യമില്ലെന്നായിരിക്കും ഫാദറിന്റെ അഭിപ്രായം. അതു
നല്ല വിനോദംതന്നെ. പക്ഷെ ഒന്നോരണ്ടു അപ്പോസ്തലന്മാർ
മാത്രം വന്നു ഫാദറിനോടു പറയുന്നപക്ഷം അതു ഫാദർ കൈ
ക്കൊള്ളാതെ "നിങ്ങൾ പന്ത്രണ്ടു പേരുംകൂടി വന്നു പറയാതെ ര
ണ്ടു പേർ മാത്രം വന്നു പറഞ്ഞാൽ ഞാൻ കൂട്ടാക്കുകയില്ല" എ
ന്നു അവരോടു മറുപടി പറയുമായിരിക്കും. അപ്പോസ്തലവച
നങ്ങളെ ദൈവവചനങ്ങളായി വിചാരിക്കുന്ന ഒരുവന് ഇങ്ങ

നെ ദൂഷണം പറവാൻ സാധിക്കുന്നതല്ല. മാത്രമല്ല, എല്ലാ അ
പ്പോസ്തലന്മാരെയും നടത്തിയത് ഒരാത്മാവുതന്നെ ആയിരുന്നു
എന്നും അതിനാൽ അവരിൽ ഒരുവൻ പറയുന്നത് എല്ലാവരും
പറയുന്നതുപോലെയാണെന്നുമാണ് പ്രോട്ടസ്റ്റൻറുകാർ വിശ്വസി
ക്കുന്നത്. പക്ഷേ റോമർ ഇങ്ങനെ വിശ്വസിക്കുന്നില്ലായിരി
ക്കും. ത്രിത്വത്തിൽ രണ്ടാം ആളായ പുത്രൻതമ്പുരാൻ എഴുന്നെ
ള്ളി റോമാക്കാരോട് ഒരു കാര്യം പറയുമ്പോൾ പിതാവും പരി
ശുദ്ധാത്മാവും കൂടി വന്നു പറഞ്ഞെങ്കിൽ മാത്രമേ ഞങ്ങൾ അവി
ടുത്തെ വാക്കു വിശ്വസിക്കയുള്ളൂ എന്ന് ഇക്കൂട്ടർ നമ്മുടെ ക
ത്താവിനോട് പറയുമെന്നുള്ളതിനു സംശയമില്ല. ചുരുക്കം ചില
അപ്പോസ്തലന്മാർ എന്നല്ല, ഒരു അപ്പോസ്തലൻ മാത്രം വന്നു
പറഞ്ഞാലും കേട്ടനുസരിപ്പാൻ ദൈവജനങ്ങൾ തയാറായി ഇ
രിക്കേണ്ടതാണെന്നത്രേ ഞങ്ങളുടെ മതം. ഇക്കാരണത്താൽ ഈ
വാദന്യായം തീരെ അബദ്ധമെന്നു തെളിയുന്നുണ്ടല്ലോ.

ബി. എഴുതുന്നതിന് എഴുത്തുകാരെ പ്രേരിപ്പിച്ചത് അവ
രുടെ ആവശ്യങ്ങളായിരുന്നു എന്നാണ് ഫാദർ പറഞ്ഞുകാണുന്ന
ത്. ഇങ്ങനെ ഞങ്ങൾ വിചാരിക്കുന്നില്ല. പരിശുദ്ധാത്മാവത്രേ
അപ്പോസ്തലന്മാരുടെ ആശയങ്ങളെ സഭകൾക്ക് എഴുത്തുമൂലം
ന പകർന്നുകൊടുത്തിട്ടുള്ളത്. ആവശ്യംകൊണ്ട് അവർ എഴു
താതിരിക്കാനാണല്ലോ ഇടയുള്ളത്. നേരെമറിച്ച് ഹേത്വന്തരങ്ങളാ
ൽ ആവശ്യമില്ലാതെ വന്നപ്പോഴും ഉപദേശങ്ങളെ എഴുതി സ
ഭകൾക്ക് അറിയിപ്പാൻ ആത്മാവു തന്നെയാണ് അവരെ പ്രേരി
പ്പിച്ചത് എന്നുള്ളതു വിസംവദിപ്പാൻ കഴിയുന്നതല്ല. നേരിട്ടു
ചെന്നു പറയേണ്ടത് എഴുത്തിലായിപ്പോയതുകൊണ്ടു ദോഷം വ
ല്ലതുമുണ്ടോ? വാക്കിനേക്കാൾ രേഖ ബലവത്തും, കൂടുതൽ പ്രയോ
ജനകരവുമല്ലേ? "നിശ്ചാരിതേത്ഥ ലേഖ്യേന ഖല്വക്ത്വാ ഖല്വവാ
ചികം" എന്നാണല്ലോ കവിവാക്യം. ആവശ്യങ്ങൾ വന്നുകൂ
ടി. എങ്കിൽ അതുതന്നെ അപ്പോസ്തലന്മാരുടെ ആശയങ്ങളിൽ ചി
ലതെങ്കിലും പിൻതലമുറയ്ക്കു കിട്ടണമെന്നുള്ള ദൈവാത്മാവിൻെറ
ദിവ്യോദ്ദേശം കൊണ്ടാണെന്നു വിചാരിപ്പാനാണിടയുള്ളത്. "ത
ടവിലായിരുന്നപ്പോഴോ നിശ്ചിതസ്ഥലത്ത് എത്തുന്നതിനു സാധി
ക്കാതിരുന്നപ്പോഴോ മററു വല്ല സാഹചര്യങ്ങളാലോ" ആശയങ്ങ
ൾ എഴുത്തിലേക്കു പകർന്നതുകൊണ്ട് അതു പ്രമാണമല്ലെന്നു വരു
മോ? ഫാദർ ഇങ്ങനെയുള്ള ഏതെങ്കിലും ഘട്ടത്തിൽ ഒരെഴുത്ത്
എഴുതിപ്പോയാൽ അദ്ദേഹത്തിൻെറ സ്വന്തവാക്കുകളായി അതി
നെ 'ശേഷംപേർ' ഗണിക്കേണ്ട ആവശ്യമില്ലെന്നാണോ പറയു
ന്നത്. *

---

* ഈ ന്യായത്തിന് ഫാദറിൻെറ ലഘുലേഖയെ ഞങ്ങൾ എങ്ങനെ
ഗണിക്കും?

# വിയോജിതൻ

സി. "ഇതിഹാസംപോലെ പൊതുവായുള്ള ആവശ്യത്തിനായല്ല എഴുതിയിരിക്കുന്നതു്" എന്നുള്ള ഫാദറിന്റെ മതം ശരിയോ? ലേഖനങ്ങളിൽ പലതും എഴുതപ്പെട്ടതു ചില സഭകളുടെയോ ആളുകളുടെയോ ആവശ്യത്തിന്മേലായിരുന്നാലും അതേ അവസ്ഥയുള്ള സഭകൾക്കോ ആളുകൾക്കോ അവ ഉപയുക്തമായി തീരുമെന്നുള്ളതിനാൽ അവയെ പൊതുലേഖനങ്ങളുടെ കൂട്ടത്തിൽ സ്വീകരിക്കാം എന്നാണ് ഞങ്ങളുടെ അഭിപ്രായം. ആർക്കിമിഡീസിന്റെ കണക്കുശാസ്ത്രസംബന്ധമായ തത്വം അന്ന് ഒരു താത്കാലികാവശ്യപരിഹാരാർത്ഥം കണ്ടുപിടിക്കപ്പെട്ടതാണെങ്കിലും ഇന്ന് അതു പരക്കെ ഉപയോഗമുള്ള തത്വമായിട്ടല്ലേ ഇരിക്കുന്നതു്. കാഡ്ഗററസ്, യൂസ്റ്റിൻ മുതലായവരുടെ പ്രതിവാദങ്ങൾ ഗ്രുവത്തിയെയും മറ്റും ഉദ്ദേശിച്ച് എഴുതിയതാണെങ്കിലും അവ ഇന്നു നമുക്കല്ലേ അധികം ഉപകരിക്കുക. ചരിത്രങ്ങളിൽ മുങ്ങിത്തപ്പിയവർക്ക് വിവിധമായ പല ദൃഷ്ടാന്തങ്ങൾ ഇതിനു കണ്ടുപിടിക്കാവുന്നതാണ്. വിജ്ഞാനശാസ്ത്രത്തിന്റെ ഉല്പത്തി മിക്കവാറും ഇങ്ങനെതന്നെയെന്നു പറയുന്നതിൽ ഭേദപക്ഷമുണ്ടാവാൻ തരമില്ല. ഇതിനാൽ പ്രത്യേകംപേർക്ക് ഉപകരിക്കുന്ന സത്യങ്ങൾ അമൂല്യങ്ങളായി സകലർക്കും ഉതകുന്നതാണെന്നുള്ളതു തീർച്ചതന്നെ. വേദം സംബന്ധിച്ചു പറയുമ്പോൾ തത്വം ദൃഷ്ടാന്തത്തെ കവിയുന്നു. കാരണം വേദത്തിൽ പൊതുവായുള്ള ലേഖനങ്ങൾ തന്നെ വളരെയുണ്ട്. അതുകൊണ്ടു വേദസാഹിത്യങ്ങൾ ഏതാനം പേർക്കെന്നുള്ള വാദവും വിച്ഛിന്നമായിരിപ്പാകുന്നു.

V. "വേദപുസ്തകത്തിന്റെ ഘടനാസമ്പ്രദായത്തിൽനിന്നു വിശ്വാസസത്യങ്ങളെ മുഴുവനായി അടക്കിക്കൊള്ളുന്ന ഒരു ഗ്രന്ഥമായി അതു് ഉദ്ദേശിക്കപ്പെട്ടിട്ടില്ലെന്നു വ്യക്തമായിട്ടുണ്ട്.-- അതിൽ ക്രിസ്തുവിന്റെ ഉപദേശങ്ങളെ കാര്യകാരണസംബന്ധത്തോടും ക്രമാനുസരണമായും ചേർത്തുകാണുന്നില്ല."

വിശ്വാസസത്യങ്ങളെ മുഴുവനായി അടക്കിക്കൊള്ളുന്ന ഒരു ഗ്രന്ഥമായി വേദത്തെ ഉദ്ദേശിച്ചിട്ടില്ലെന്നു ഫാദറിനു വ്യക്തമായതു് എങ്ങനെയോ? വിശ്വാസസത്യങ്ങൾ മുഴുവൻ ഇതിൽ കാണപ്പെടുന്നില്ലെങ്കിൽ പിന്നെ അതിനെ കണ്ടെത്തുവാൻ കഴിയുന്നതെവിടെയാണെന്നു ഫാദർ പറയണം. ഇതിൽ ഇല്ലാത്ത വിശ്വാസസത്യങ്ങൾ ഏതെല്ലാമെന്ന് അദ്ദേഹത്തിനു കാണിച്ചുതരാമോ? എല്ലാ സത്യങ്ങളും ഇതിൽ ഉണ്ടെന്നു ഞങ്ങളും ഇല്ലെന്ന് അദ്ദേഹവും വാദിച്ചുതുടങ്ങിയാൽ സമാധാനമെന്തു്? മരിച്ചവരോടുള്ള പ്രാർത്ഥന മുതലായ ഏർപ്പാടുകൾ ഇതിൽ കാണാത്തതുകൊണ്ടായിരിക്കാം ഇതിൽ ഉപദേശം മുഴുവൻ ഇല്ലെന്നു ലേഖനകർത്താവു പറയുന്നതു്. മരിച്ചവരോടുള്ള പ്രാർത്ഥന മുതലായവ സഭയുടെ ഉപദേശങ്ങളല്ലേ അല്ലാത്ത സ്ഥിതിക്കു്

അവ പുസ്തകത്തിൽ കാണുന്നതു് എങ്ങനെ? കൂടാതെ സംഘങ്ങൾക്ക റൂൾസ് എഴുതുന്നതുപോലെ സദുപദേശങ്ങളെ ഒന്നു, രണ്ടു, മൂന്നു് എന്നിങ്ങനെ നമ്പരിട്ട ഖണ്ഡികകളായി വേദത്തിൽ ചേർക്കാഞ്ഞതിലും പാതിരികൾ വൈരസ്യമുണ്ട്. നമ്മുടെ ഇഷ്ടമനുസരിച്ച് എഴുതുവാൻ പരിശുദ്ധാത്മാവിനു് ഇഷ്ടംതോന്നാഞ്ഞതുകൊണ്ടു വേദവചനങ്ങളെ നിഷേധിക്കുന്നതു വലിയ ധൈര്യംതന്നെ. സർവ്വജ്ഞാനിയായ പരിശുദ്ധാത്മാവിനു് ഈ മാനുഷികങ്ങൾക്ക സ്വീകാര്യമല്ലെന്നു വരാവുന്നതാണ്. ഇങ്ങനെ തന്റെ സർവ്വജ്ഞാനത്തിനനുസരിച്ചു താൻ പ്രവർത്തിച്ചുവെന്നു സമാധാനിക്കുന്നതിനു പകരം ദോഷാരോപണം ചെയ്യുന്നതു ധാർഷ്ട്യംതന്നെ. വേദത്തിനു പ്രത്യേകിച്ച് ഒരുക്കം വിശേഷമുള്ള ഒരു പ്രതിപാദനരീതിയുമാണ് കാണുന്നതു്. അതു് അതിനു് ഒരു കുറവല്ല. നേരെമറിച്ചു വേദത്തിനു് അതൊരു മാഹാത്മ്യമാണെന്നുള്ളതിനു സംശയമില്ല. "താത്വിക രീതിയിലല്ല വേദം എഴുതപ്പെട്ടിരിക്കുന്നതു്" എന്നു പറഞ്ഞിട്ടുള്ളതും, "ക്രിസ്തുമതതത്വങ്ങളും നിയമങ്ങളും എന്തെല്ലാമെന്നു വേദത്തിൽ വ്യവഹരിക്കപ്പെട്ടിട്ടില്ല" എന്നു വാദിച്ചിട്ടുള്ളതും പിശകിന്റെ ക്ലാസ്സുകയറ്റമാണ്. ക്രിസ്തുമതതത്വങ്ങളും നിയമങ്ങളും എന്തെല്ലാമെന്നു പഠിപ്പുകുറഞ്ഞവർക്കുകൂടിയും പുസ്തകത്തിൽനിന്നു ധരിപ്പാൻ കഴിയത്തക്കവണ്ണം അതു സുഗമമായി അതിൽ എഴുതപ്പെട്ടിരിക്കുന്നു. ഒരു അക്രൈസ്തവന്റെ കൈവശം എടുത്തു കൊടുത്താൽ തിരുവചനത്തിലെ പ്രധാനസത്യങ്ങൾ അവനു ചൂണ്ടിക്കാണിപ്പാൻ കഴിയും. എന്തുതന്നെയായിരുന്നാലും ഒരു മനുഷ്യന്റെ രക്ഷയ്ക്കും ശുദ്ധിയ്ക്കും ആവശ്യമുള്ള സകല ഉപദേശങ്ങളും പുസ്തകത്തിൽ ഉണ്ടെന്നും, നേരെമറിച്ച് ഇല്ലെന്നു സ്ഥാപിപ്പാൻ ഹാർഡിനോ പോപ്പിനുതന്നെയോ കഴിയുകയില്ലെന്നും ഞങ്ങൾ ശക്തിപൂർവ്വം ശപഥം ചെയ്യുന്നു. ഇതിനെ എതിർക്കാൻ അദ്ദേഹത്തിനു ഭാവമുണ്ടെങ്കിൽ രക്ഷയ്ക്കു് ആവശ്യമുള്ള ഒരൊറ്റ വിശ്വാസോപദേശമെങ്കിലും കൊണ്ടുവന്നു് അതു പുസ്തകത്തിൽ ഇല്ലാത്തതാണെന്നു ഞങ്ങളെ കാണിക്കട്ടെ.

VI. "ക്രിസ്തുമതം സ്ഥാപിക്കപ്പെട്ടിട്ട്" അനേകവർഷങ്ങൾ കഴിഞ്ഞ ശേഷം മാത്രമേ ബൈബിൾ മുഴുവനായി എഴുതപ്പെടുകയുണ്ടായുള്ളു. വേദപുസ്തകത്തിന്റെ ഓരോ ഭാഗങ്ങളും എഴുതപ്പെട്ടുകഴിഞ്ഞതിന്റെ ശേഷവും അവയെല്ലാം ഉടൻതന്നെ ഒന്നായി കൂട്ടിച്ചേർത്തിരുന്നില്ല. അവയിൽ ചിലതു ചില സ്ഥലങ്ങളിലും ചിലതു മറ്റു സ്ഥലങ്ങളിലും മാത്രം സൂക്ഷിക്കപ്പെട്ടിരുന്നു. അനേകശതവർഷങ്ങൾ കഴിഞ്ഞതിന്റെ ശേഷം മാത്രമേ ഈ ഗ്രന്ഥങ്ങളെല്ലാം ഒന്നാക്കി ചേർത്തു് ഒരു പുസ്തകമാക്കിത്തീർത്തുള്ളു. അതുമൂലം ക്രിസ്ത്യാനികൾ അനേകതലമുറകളിൽ വേദാഗമഗ്രന്ഥങ്ങളെ മുഴുവനായി കാണുന്നതിനോ, ശരിയായി വായിച്ചുകേൾക്കുന്നതി

അവ പുസ്തകത്തിൽ കാണുന്നതു് എങ്ങനെ? കൂടാതെ സംഖ്യങ്ങൾക്കു റൂൾസ് എഴുതുന്നതുപോലെ സന്മാർഗ്ഗോപദേശങ്ങളെ ഒന്നു, രണ്ടു, മൂന്നു് എന്നിങ്ങനെ നമ്പരിട്ട ഖണ്ഡികകളായി വേദത്തിൽ ചേർക്കാത്തതിലും പാതിരികൾ വൈരസ്യമുണ്ടു്. നമ്മുടെ ഇഷ്ടമനുസരിച്ചു് എഴുതുവാൻ പരിശുദ്ധാത്മാവിനു് ഉപദേശംതാനാണെന്നതുകൊണ്ടു വേദവചനങ്ങളെ നിഷേധിക്കുന്നതു വലിയ ധൈര്യംതന്നെ. സർവ്വജ്ഞനായ പരിശുദ്ധാത്മാവിനു് ഈ മാനുഷികങ്ങൾ സ്വീകാര്യമല്ലെന്നു വരാവുന്നതാണു്. ഇങ്ങനെ തന്റെ സർവ്വജ്ഞാനത്തിനനുസരിച്ചു താൻ പ്രവർത്തിച്ചുവെന്നു സമാധാനിക്കുന്നതിനു പകരം ദോഷാരോപണം ചെയ്യുന്നതു ധാർഷ്ട്യംതന്നെ. വേദത്തിനു പ്രത്യേകിച്ചു് ഒരുക്രമം വിശേഷാലുള്ള ഒരു പ്രതിപാദനരീതിയുമാണു് കാണുന്നതു്. അതു് അതിനു് ഒരു കുറവല്ല. നേരെമറിച്ചു വേദത്തിനു് അതൊരു മാഹാത്മ്യമാണെന്നുള്ളതിനു സംശയമില്ല. "താത്വികരീതിയിലല്ല വേദം എഴുതപ്പെട്ടിരിക്കുന്നതു്" എന്നു പറഞ്ഞിട്ടുള്ളതും, "ക്രിസ്തുമതതത്വങ്ങളും നിയമങ്ങളും എന്തെല്ലാമെന്നു വേദത്തിൽ വ്യവഹരിക്കപ്പെട്ടിട്ടില്ല" എന്നു വാദിച്ചിട്ടുള്ളതും പിശകിന്റെ ക്ലാസ്സുകയററമാണു്. ക്രിസ്തുമതതത്വങ്ങളും നിയമങ്ങളും എന്തെല്ലാമെന്നു പഠിപ്പിക്കുന്നതവർക്കുകൂടിയും പുസ്തകത്തിൽനിന്നു ധരിപ്പാൻ കഴിയത്തക്കവണ്ണം അത്ര സുഗമമായി അതിൽ എഴുതപ്പെട്ടിരിക്കുന്നു. ഒരു അക്രൈസ്തവന്റെ കൈവശം എടുത്തു കൊടുത്താൽ തിരുവചനത്തിലെ പ്രധാനസത്യങ്ങൾ അവനു ചൂണ്ടി കാണിപ്പാൻ കഴിയും. എന്തുതന്നെയായിരുന്നാലും ഒരു മനുഷ്യന്റെ രക്ഷയ്ക്കും ശുദ്ധിയ്ക്കും ആവശ്യമുള്ള സകല ഉപദേശങ്ങളും പുസ്തകത്തിൽ ഉണ്ടെന്നും, നേരെമറിച്ച് ഇല്ലെന്നു സ്ഥാപിപ്പാൻ ഫാദറിനോ പോപ്പിനുതന്നെയോ കഴിയുകയില്ലെന്നും ഞങ്ങൾ ശക്തിപൂർവ്വം ശപഥം ചെയ്യുന്നു. ഇതിനെ എതിർക്കാൻ അദ്ദേഹത്തിനു ഭാവമുണ്ടെങ്കിൽ രക്ഷയ്ക്കു് ആവശ്യമുള്ള ഒരൊററ വിശ്വാസോപദേശമെങ്കിലും കൊണ്ടുവന്നു് അതു പുസ്തകത്തിൽ ഇല്ലാത്തതാണെന്നു ഞങ്ങളെ കാണിക്കട്ടെ.

VI. "ക്രിസ്തുമതം സ്ഥാപിക്കപ്പെട്ടിട്ടു് അനേകവർഷങ്ങൾ കഴിഞ്ഞ ശേഷം മാത്രമേ ബൈബിൾ മുഴുവനായി എഴുതപ്പെടുകയുണ്ടായുള്ളു. വേദപുസ്തകത്തിന്റെ ഓരോ ഭാഗങ്ങളും എഴുതപ്പെട്ടുകഴിഞ്ഞതിന്റെ ശേഷവും അവയെല്ലാം ഉടൻതന്നെ ഒന്നായി കൂട്ടിച്ചേർത്തിരുന്നില്ല. അവയിൽ ചിലതു ചില സ്ഥലങ്ങളിലും ചിലതു മററു സ്ഥലങ്ങളിലും മാത്രം സൂക്ഷിക്കപ്പെട്ടിരുന്നു. അനേകശതവർഷങ്ങൾ കഴിഞ്ഞതിന്റെ ശേഷം മാത്രമേ ഈ ഗ്രന്ഥങ്ങളെല്ലാം ഒന്നാകെ ചേർത്തു് ഒരു പുസ്തകമാക്കിത്തീർത്തുള്ളു. അതുമൂലം ക്രിസ്ത്യാനികൾ അനേകതലമുറകളിൽ വേദാഗമഗ്രന്ഥങ്ങളെ മുഴുവനായി കാണുന്നതിനോ, ശരിയായി വായിച്ചുകേൾക്കുന്നതി

ന്നോ സാധിച്ചിരുന്നില്ല എന്നുള്ളതു് അവിതർക്കിതമായ കാര്യമത്രേ.”

ഈ വാദം പരിശോധിച്ചാൽ ബൈബിൾ എന്താണെന്നുതന്നെ ഫാദറിനു മനസ്സിലായിട്ടില്ല എന്നു തോന്നിപ്പോകുന്നു. കടലാസിൽ പേനയുടേയും മഷിയുടേയും ഏകോപിച്ചുള്ള പ്രയോഗം മാത്രമാണ് ബൈബിൾ എന്നാണത്രേ അദ്ദേഹം ധരിച്ചിരിക്കുന്നതു്. വാസ്തവം ആലോചിച്ചാൽ ബൈബിൾ എന്നതു് ഉപദേശസഞ്ചയമാണ്. അതു ശബ്ദരൂപമായോ രേഖാരൂപമായോ ഇരിക്കാം. രേഖാരൂപമായ ബൈബിൾ ഉണ്ടാകുന്നതിനു മുൻപു ശബ്ദരൂപമായ ബൈബിൾ സ്ഥിതിചെയ്തിരുന്നുവെന്നുള്ളതു നിർവ്വിവാദമാണ്. അപ്പോസ്തലന്മാർ വായ്മുഖേന അതു പ്രസംഗിച്ചു. അതിനു സൌകര്യം ലഭിക്കാത്ത അവസരങ്ങളിലാണ് ചിലപ്പോൾ വരമൊഴിയായി ബൈബിൾ നൽകപ്പെട്ടതു്. അപ്പോസ്തലന്മാരുടെ കാലത്തും അനന്തരകാലങ്ങളിലുമായി രേഖാരൂപമായ ഗ്രന്ഥങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. അപ്പോസ്തലകാലത്തുതന്നേ ഓരോ സ്ഥലത്തും അയച്ചിരുന്ന ലേഖനങ്ങൾ മററു സഭകൾ വരുത്തി വായിക്കയും പക്ഷേ പകർത്തുകയുംകൂടി ചെയ്തു. ഇങ്ങനെയാണ് പുതിയനിയമത്തിന്റെ കൂട്ടിച്ചേർപ്പ് ആരംഭിച്ചതു്. “ചില ലേഖനങ്ങൾ ചിലേടത്തു മാത്രം സൂക്ഷിക്കപ്പെട്ടിരുന്നു” എന്നു ഫാദർ പറയുന്നതിനെ ഞങ്ങൾ വിശ്വസിക്കുന്നില്ല. അപ്പോസ്തലകാലത്തുതന്നേ സുവിശേഷവും ലേഖനങ്ങളും ക്രിസ്ത്യാനികൾ ധാരാളം പകർത്തി എഴുതി എന്നു വിചാരിപ്പാൻ ന്യായമുണ്ട്. കൊലോസി: 4: 16-ാം വാക്യം ഇതിനു ബലപ്പെട്ട ഒരു സാക്ഷ്യമാണ്. “നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചതിന്റെ ശേഷം ലവുദിക്യാസഭയിൽകൂടെ വായിപ്പിക്കയും ലവുദിക്യയിൽനിന്നുള്ളതു നിങ്ങളും വായിക്കയും ചെയ്വിൻ.” ഈ വാക്യത്തിൽനിന്ന് അപ്പോസ്തലകാലത്തു സഭകൾ അന്യോന്യം അപ്പോസ്തലലേഖനങ്ങൾ കൈമാററം ചെയ്തു എന്നു വിശ്വസിക്കാം. അങ്ങനെ ചെയ്തു എന്നുള്ളതു് ആ നൂതനസഭകൾക്കു് ഒഴിച്ചുകൂടാത്ത ആവശ്യവുമായിരുന്നു. മാത്രമല്ല, പീഡാകാലത്തു് അസംഖ്യം വേദപുസ്തകങ്ങൾ ചുട്ടുകളയത്തക്കവണ്ണം വേദലിഖിതങ്ങൾ അത്ര സുലഭമായിരുന്നതായും കാണുന്നു. രണ്ടാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടിത്തന്നേ സുറിയാനിയിലും ലത്തീനിലും പുതിയനിയമം പൊരുൾതിരിക്കയുണ്ടായി. അപ്പോസ്തലപിതാക്കന്മാരും അവരുടെ അനുഗാമികളും പഴയപുതിയനിയമങ്ങളിൽനിന്നു ധാരാളം വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നതായി കാണുന്നു. ഇതെല്ലാംകൊണ്ടും അനുമിക്കേണ്ടതു വേദപുസ്തകം അനേകശതവർഷം കഴിഞ്ഞല്ലാ ക്രിസ്ത്യാനികളാൽ പ്രമാണമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതു് എന്നത്രേ. ഞങ്ങൾ ഇപ്പറഞ്ഞിട്ടുള്ളതെല്ലാം വേദപുസ്തകത്തിലെ ഒടുവിലത്തെ ഇരുപത്തേഴു പുസ്തകങ്ങളെ ഉ

ഉദ്ദേശിച്ചു മാത്രമാണ്. ക്രിസ്തുവിന് ഇരുനൂറിലധികം കൊല്ലങ്ങൾക്കു മുമ്പു പുസ്തകമായി ശേഖരിക്കപ്പെട്ടിട്ടുള്ളതും ഇതരഭാഷയിൽ സംക്രമിപ്പിച്ചിട്ടുള്ളതുമായ പഴയനിയമത്തിലെ മുപ്പത്തൊമ്പതു പുസ്തകങ്ങളുടെ സംഗതിയിൽ ഫാദറിന്റെ ഈ വാദം ആയിരം മൈൽ അടുത്തുപോലും വരികയില്ലെന്നുള്ളതു വിശിഷ്യ പ്രസ്താവയോഗ്യമാകുന്നു.

VII. "വേദാഗമഗ്രന്ഥങ്ങൾ ഒന്നാകെ ചേർത്തതിനു ശേഷവും ക്രിസ്ത്യാനികളിൽ ആയിരത്തിൽ ഒരാൾക്കുപോലും ഇവയെ ലഭിക്കുന്നതിനു നിവൃത്തി ഉണ്ടായിരുന്നില്ല."

ഇതിനു കാരണം പറയുന്നത് അച്ചടിയന്ത്രം, കടലാസ്, ധനസൌലഭ്യം മുതലായ ഇപ്പോഴത്തെ പുസ്തകപ്രചരണസൌകര്യങ്ങൾ അന്നില്ലായിരുന്നു എന്നാണ്. ഇതു തക്ക കാരണം അല്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. തങ്ങൾക്കുള്ള സകലവും ചെലവിട്ടും തങ്ങൾ പ്രാണനെപ്പോലെ സ്നേഹിക്കുന്ന ദൈവവചനത്തെ സമ്പാദിക്കുന്നതിന് അന്നത്തെ യഥാർത്ഥക്രിസ്ത്യാനികൾ നിർബന്ധമുള്ളവരായിരിക്കുമെന്നുള്ളതിനു സംശയമില്ല. അതിനുവേണ്ടി പണനഷ്ടമോ സമയനഷ്ടമോ സഹിക്കുന്നതിൽ അവർ വൈമനസ്യമുള്ളവരായിരുന്നില്ല. തങ്ങളുടെ രക്തത്തിന്റെ അവസാനത്തുള്ളികൂടി മതസത്യങ്ങൾക്കുവേണ്ടി ഊററിക്കൊടുക്കുവാൻ മനസ്സുള്ളവരായിരുന്ന അവർ ഏതാനും ചില അസൌകര്യങ്ങൾ പ്രമാണിച്ചു തിരുവചനം വേണ്ടെന്നുവെച്ചുവെന്നു പറയുവാൻ ഫാദർ തോമസ് അവർകളോ, മററു പണ്ഡിതന്മാരോ ധൈര്യപ്പെടുമെങ്കിൽ ധൈര്യപ്പെട്ടുകൊള്ളട്ടെ. അദ്ദേഹം പറയുന്ന പ്രതിബന്ധങ്ങളൊന്നും തങ്ങളുടെ സ്വർഗ്ഗീയപിതാവിന്റെ ഉപദേശത്തെ വാഞ്ഛിക്കുന്ന ദൈവമക്കൾ ഗണിക്കുകയില്ലെന്നുള്ളതു ബ്രിട്ടീഷുപരദേശവേദപുസ്തകസംഘത്തിന്റെ സ്ഥാപനത്തിനു കാരണഭൂതയായിത്തീർന്ന മേരി ജോൺസിന്റെ കഥ അറിഞ്ഞിട്ടുള്ളവർ അശേഷം പറകയില്ലെന്നു തീർച്ചയാണ്.

അതിനാൽ വേദപുസ്തകത്തിന്റെ സുലഭത അച്ചടി, കടലാസ്, തപാൽ, ധനികത്വം ഇവയെ ആശ്രയിച്ചിരുന്നില്ലെന്നുള്ളത് അവിതർക്കിതമായി തെളിയുന്നു.

VIII. "വേദപുസ്തകം ലഭിക്കുന്നതിനേക്കാൾ അതു വായിക്കുന്നതു ശ്രമകരമായിരുന്നു. അന്നത്തെ ജനസാമാന്യത്തിൽ പത്തിൽ ഒൻപതു ഭാഗത്തിനും വേദപുസ്തകം ശരിയായി വായിക്കുവാൻ അറിഞ്ഞുകൂടായിരുന്നു."

ഇതിനു ഞങ്ങളുടെ പ്രത്യുക്തി, അന്നുള്ളവർക്ക് അക്ഷരാഭ്യാസം ഇല്ലായിരുന്നുവെങ്കിൽ അപ്പോസ്തലന്മാർ സഭയ്ക്കു പൊതുവേ ലേഖനമെഴുതിയത് എന്തിന്? വായന പരിചയമുള്ളവർ വാ

യിച്ചശേഷം ശീലമില്ലാത്തവരെ വായിച്ചുകേൾപ്പിക്കുന്നതിനുകൂടിയാണെന്നുള്ളതിനു തർക്കമില്ല. (വെളി: 1: 3; 1 തെസ്സ: 5: 27.) ഇങ്ങനെ സഭ ആദ്യകാലംമുതൽ ചെയ്തുവന്നു. അവരുടെ യോഗങ്ങളിൽ എല്ലായ്പോഴും പഴയനിയമപുതിയനിയമങ്ങൾ വായിക്കുകയുണ്ടായിരുന്നു എന്നു ചരിത്രകാരന്മാർ പറയുന്നു. ഇന്നും കുർബാനയുടെ മദ്ധ്യത്തിൽ കിഴക്കൻസഭകളും പടിഞ്ഞാറൻസഭകളും പൊതുജനങ്ങളെ വേദം വായിച്ചുകേൾപ്പിക്കുന്നുണ്ട്. ഇതിൽനിന്ന് ആദിമശതകങ്ങളിലെ വഴക്കമെന്തെന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്.

വേറൊന്നുകൂടി സ്മരണീയമാണ്. സഭയിൽ അക്ഷരജ്ഞാനമില്ലാത്തവർ വർദ്ധിച്ചകാലത്തു സഭയെ ഉപദേശിപ്പാൻ വിദ്യയുള്ള അധികം ആളുകൾ എഴുന്നേറ്റിട്ടുണ്ട്. അതുകൊണ്ടു വേദപരിചയത്തിനുള്ള വാഞ്ഛയോ വേദപരിചയമോ ജനങ്ങളുടെ ഇടയിൽ കുറയുവാൻ ഇടയില്ലെന്നു നമുക്കു തീരുമാനിക്കാം. ഇതിനു ഞങ്ങൾ ഒരു പ്രസിദ്ധസഭാപിതാവിന്റെ സംഗതിയിൽനിന്നു ദൃഷ്ടാന്തം കാണിക്കാം.

സുറിയാനിവേദപുസ്തകം പരിഭാഷപ്പെടുത്തപ്പെട്ട സ്ഥലമായ എഡെസ്സാപട്ടണത്തിലേക്കു മാർ അപ്രേം കടന്നുചെന്നപ്പോൾ ആറ്റരികത്തു സ്ത്രീകൾ വസ്ത്രം അലക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അവരിൽ ഒരുത്തി ഇദ്ദേഹത്തെ സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹം അവളെ ശാസിച്ച്, എന്റെ മുഖത്തു നോക്കരുത്; കുനിഞ്ഞു മണ്ണിലേക്കു നോക്കുക എന്നു പറഞ്ഞു. ഉടനെ ആ സ്ത്രീ പറഞ്ഞതാവിത്: "പുരുഷൻ മണ്ണിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട് അവനാണ് കുനിഞ്ഞു മണ്ണിലേക്കു നോക്കേണ്ടത്; സ്ത്രീ പുരുഷനിൽനിന്നെടുക്കപ്പെട്ടതുകൊണ്ട് അവൾക്കു പുരുഷനെ നോക്കുന്നതിനു തടസ്സമില്ല." ഈ ഉത്തരത്തിൽ മാർ അപ്രേം വിസ്മയിച്ച് ഈ ദിക്കിലെ സ്ത്രീകൾ ഇത്ര അറിവുള്ളവരെങ്കിൽ പുരുഷന്മാർ എങ്ങനെയുള്ളവരായിരിക്കും എന്നു പറഞ്ഞു.

എഡെസ്സാ മുതലായ വലിയ പട്ടണങ്ങളിൽ മാത്രമല്ലായിരുന്നു വേദപരിചയം പ്രബലമായിരുന്നത്. നാട്ടുപുറങ്ങളിലും കുഗ്രാമങ്ങളിലുമുള്ള മനുഷ്യർകൂടി വിശുദ്ധവേദം വായിച്ചു പഠിച്ചുവന്നു. അഞ്ചാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന തിയഡോററ്റ് എന്ന സഭാപിതാവു താഴെ വരുംപ്രകാരം എഴുതിയിരിക്കുന്നു.

"തങ്ങളുടെ സ്വന്ത പൈതങ്ങളോട് പരിചയം ഉള്ളതുപോലെതന്നെ മനുഷ്യർ മത്തായി, ബർത്തലോമായി, യാക്കോബ്, മോശെ, ദാവീദ്, യെശയ്യാ, അപ്പൊസ്തലന്മാരിലും പ്രവാചകന്മാരിലുംപെട്ട ഇതരന്മാർ എന്നിവരുടെ സംഗതികളോടും പരിചയമുണ്ട്. ഈ വേദോക്തവിഷയങ്ങൾ പള്ളിയിലെ പട്ടക്കാർ മാത്രമല്ല ചെരിപ്പുകുത്തികൾ, കൊല്ലന്മാർ, കമ്പിളിനെയ്ത്തുകാർ,

മററു കൈത്തൊഴിലുകാർ എന്നിവരും സ്ത്രീകളിൽ പഠിപ്പുള്ളവർ മാത്രമല്ല, തുന്നൽപണിക്കാരും വാല്യക്കാരത്തികളുംകൂടെ നല്ലപോലെ പഠിച്ചിരിക്കുന്നു. പട്ടണവാസികൾ മാത്രമല്ല, നാട്ടുപുറങ്ങളിൽ പാർക്കുന്നവരും ഈ അറിവിനെ സമ്പാദിച്ചിരിക്കുന്നു. കന്നുകാലിക്കാർ, തോട്ടക്കാർ എന്നിവർ ദിവ്യത്രിത്വത്തെക്കുറിച്ചും പ്രപഞ്ചസൃഷ്ടിയെക്കുറിച്ചും സംവാദം നടത്തുന്നതും അറിസ്റ്റോട്ടൽ, പ്ലേറേറാ എന്നിവരേക്കാൾ മനുഷ്യസ്വഭാവത്തെ അധികം ശരിയായി ഗ്രഹിക്കുന്നതും സാധാരണയാകുന്നു. മാത്രവുമല്ല, ഇവർ സ്വാതന്ത്ര്യത്തെ സ്നേഹിക്കയും ദുഷ്ടതയെ ഉപേക്ഷിക്കയും ശിക്ഷയെ ഭയന്നു ദിവ്യന്യായവിധിക്കായി കാത്തിരിക്കയും സ്വർഗ്ഗരാജ്യത്തിന്നുവേണ്ടി എല്ലാവിധ അദ്ധ്വാനവും ചെയ്കയും ചെയ്തുവരുന്നു."

തിയോഡൊറിന്റെ ഈ ഉപന്യാസം, "അന്നത്തെ ജനസാമാന്യത്തിൽ പത്തിൽ ഒൻപതു ഭാഗത്തിനും വേദപുസ്തകം ശരിയായി വായിക്കുവാൻ അറിവുണ്ടായിരുന്നു" എന്നുള്ള ഫാദറിന്റെ സിദ്ധാന്തത്തെ സമൂലം ഛേദിച്ചുകളയുന്നതായി നാം കാണുന്നു. അക്കാലങ്ങളിൽ സുറിയാനി, എത്തിയോപ്പിക്ക്, അബിസീനിയൻ, അംഹാരിക്ക്, അർമ്മീനിയൻ, കോപ്റ്റിക്ക്, അറബിക്ക്, ഗോഥിക്ക്, പേർഷ്യൻ എന്നിങ്ങനെയുള്ള വിവിധഭാഷകളിൽ ദൈവാത്മശ്വാസിതമായ ദിവ്യവേദത്തെ പരിഭാഷപ്പെടുത്തുകയും അനേകലക്ഷം ക്രിസ്ത്യാനികൾ അവയെ നിരന്തരപാഠം ചെയ്കയും ചെയ്തിരുന്നു എന്നുള്ളത് അപ്രത്യാഖ്യേയമായ ഒരു വാസ്തവമാകുന്നു.

തദനന്തരകാലങ്ങളിൽ വേദാധിഗമത്തിനെ ഉത്തേജനം ചെയ്തിരുന്ന ഇതരമാർഗ്ഗം ഇടത്തട്ടുകളായിരുന്നു. സമുദ്രത്തിന്റെ പല ഭാഗങ്ങളിലായി ഉത്തുംഗതരങ്ങളായ തരംഗപരമ്പരകൾ ഉയരുന്നപോലെ ഭിന്നമതങ്ങൾ കാലാകാലങ്ങളിൽ ഉത്ഭവിച്ച് ഉയർന്നുകൊണ്ടിരുന്നു. തദ്വിരോധികൾ അതിനെ ഖണ്ഡനം ചെയ്യുന്നതിനും തദനുയായികൾ അതിനെ മണ്ഡനം ചെയ്യുന്നതിനും പ്രചണ്ഡപരിശ്രമം ചെയ്തുകൊണ്ടിരുന്നു. ഈ ഖണ്ഡനമണ്ഡനങ്ങൾക്കെല്ലാം താണ്ഡവസ്ഥാനമായിരുന്നത് അഖിലാണ്ഡകർത്താവിന്റെ വേദഭണ്ഡാഗാരമായിരുന്നു. ഇതിൽനിന്നു, പൊതുജനങ്ങൾ വേദപുസ്തകം ധാരാളമായി ഉപയോഗിക്കുന്നതിനും പഠിച്ചു ഹൃദിസ്ഥമാക്കുന്നതിനും വേണ്ട സൌകര്യങ്ങൾ അന്നുണ്ടായിരുന്നുവെന്ന് അവിതർക്കിതമാംവണ്ണം തെളിയുന്നുണ്ട്.

IX. "ക്രിസ്തു തന്റെ ശിഷ്യന്മാരുടെ ഇടയിൽ വിശ്വാസം സംബന്ധിച്ച് ഐക്യം ഉണ്ടായിരിക്കണമെന്നാഗ്രഹിക്കയും അതിലേക്കായി പ്രാർത്ഥിക്കുകയും ചെയ്തുവെന്നു വേദപുസ്തകത്തിൽനിന്നു തന്നെ തെളിയുന്നുണ്ട്. എന്നാൽ ബൈബിൾ മാത്രം എന്നുള്ള വാദം അവസാനമില്ലാത്ത അനവധി ഭിന്നതകൾക്കും കലഹങ്ങൾക്കും ഹേതുവാകിത്തീർന്നിട്ടുണ്ട്."

ഈ കത്തോലിക്കന്യായത്തെ ഈ നിരൂപണത്തിന്റെ ആരംഭത്തിൽതന്നെ ഞങ്ങൾ ഖണ്ഡിച്ചിട്ടുള്ളതു വായനക്കാർ കണ്ടിരിക്കുമല്ലോ. ഈ ന്യായം സാധുവെങ്കിൽ ബൈബിൾ മാത്രം എന്ന പ്രമാണത്തോടു പരമശത്രുതയിൽ ഇരിക്കുന്ന കിഴക്കൻസഭകളും പടിഞ്ഞാറൻസഭയും തമ്മിൽ എത്രയോ നൂറ്റാണ്ടുകൾക്കു മുൻപുതന്നെ പരസ്പരം യോജിക്കേണ്ടതായിരുന്നു. ഈവിധമായ ഒരു യോജിപ്പു സ്വപ്നത്തിൽപോലും ആശിപ്പാൻ നിവൃത്തിയില്ലാതെയാണ് ഇരിക്കുന്നതു്. പ്രോട്ടസ്റ്റന്റുകാർ തമ്മിൽ പരക്കെ ഒരുകാലത്തു യോജിച്ചേക്കാം. എന്നാൽ കത്തോലിക്കരുടെ ഇടയിൽ ഈദൃശമായ ഐക്യം എന്നേക്കും അസാദ്ധ്യമാണ്. അവരെമാത്രമാർ തമ്മിൽ യോജിച്ചുംവെച്ചു് ഈ ന്യായം ഫാദറവർകൾ പ്രകടിപ്പിച്ചിരുന്നെങ്കിൽ പ്രസ്തുതന്യായം ആലോചിപ്പാനെങ്കിലും എടുക്കാമായിരുന്നു. അങ്ങനെ കാണാഞ്ഞതിനാൽ ഈ വാദത്തെ ഞങ്ങൾ ഇതാ പുറംകൈകൊണ്ടുതന്നെ തള്ളുന്നു.

(തുടരും)

## കുറിപ്പുകൾ.

സത്യമായ ഒന്നു, കാലംകൊണ്ടു നശിക്കുന്നതല്ലെന്നു പാൽഗ്രേവ് എന്ന മഹാൻ പറയുന്നു.

*   *   *   *   *

റൌളണ്ടു ഹിൽ എന്ന പ്രസംഗികൻ തന്റെ പ്രസംഗമദ്ധ്യേ താൻ കടംവീട്ടുക പതിവില്ലെന്നു വിളിച്ചുപറഞ്ഞു. എന്തുകൊണ്ടെന്നു ജനങ്ങൾ ചോദിച്ചപ്പോൾ ഞാൻ കടം വാങ്ങുകയേയില്ല, പിന്നെ എങ്ങനെയാണ് വീട്ടുന്നതു് എന്നു മറുപടി പറഞ്ഞു.

*   *   *   *   *

ജോൺ ന്യൂട്ടൻ ഒരിക്കൽ പ്രസംഗം കഴിഞ്ഞു പുൾപ്പിറ്റിൽനിന്നിറങ്ങുമ്പോൾ കേൾവിക്കാരിൽ ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു പ്രസംഗം വളരെ നന്നായിരുന്നു എന്നു പറഞ്ഞു. അതു കേട്ടിട്ടു ന്യൂട്ടൻ പറഞ്ഞതു്—സ്നേഹിതാ! നീ പറയുന്നതിനു മുമ്പു പിശാചുതന്നെ എന്നോടിതു പറഞ്ഞു.

*   *   *   *   *

പണത്തിന്റെ വിലയേക്കുറിച്ചു് ഒരു നല്ല വിവരണം എഴുതുന്ന ആളിനു് ഒരു സമ്മാനം കൊടുക്കുന്നതാണെന്നു വർത്തമാനക്കടലാസുകളിൽ ഒന്നിൽ പരസ്യം ചെയ്തിരുന്നു. അതിനു് ഒരു ബുദ്ധിമാൻ ഇങ്ങനെ മറുപടി കൊടുത്തു:—സൗഭാഗ്യം ഒഴികെ എല്ലാറ്റിന്റെയും ദാതാവും, സ്വർഗ്ഗം ഒഴികെ എല്ലാ സ്ഥലങ്ങൾക്കും പോകുന്നതിനുള്ള പാസ്പോർട്ടും ആകുന്നു പണം.